015 - 020

കേരള സർക്കാർ

# സാമ്പത്തിക സ്ഥിതിവിവര കണക്കു വകുപ്പിന്റെ ഭരണ റിപ്പോർട്ട്

# 1995-96

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽനിന്നും ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിക്കപ്പെട്ടത്—2000

015-020

# സാമ്പത്തിക സ്ഥിതിവിവര കണക്കു വകുപ്പിന്റെ ഭരണ റിപ്പോർട്ട്

1995-96

©
കേരള സർക്കാർ
2000

കേരള സർക്കാർ

# ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

സർക്കാർ ഉത്തരവ്(സാധാ)517/99/ആം.

തിരുവനന്തപുരം, തീയതി: 16-11-1999.

സംഗ്രഹം:—ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ 1995–96-ലെ ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—നം. പി. ബി. (1) 4651/96/ഡി ഇ എസ് പ്രകാരം 7-5-1997-ൽ ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ഡയറക്ടർ അയച്ച കത്ത്.

## ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ട് വർഷത്തിൽ ഡോ. എം. കുട്ടപ്പൻ ഡയറക്ടറായി തുടർന്നു.

3. വകുപ്പിൻെറ വിവിധ പ്രവർത്തനങ്ങൾ.

(1) കാർഷിക സ്ഥിതിവിവരക്കണക്കുകൾ:—കേരളത്തിലെ പ്രധാന കാർഷിക വിളകൾ, കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി വിളകളുടെ ഉല്പാദനം ഉല്പാദന നിരക്ക്, ജലസേചനം, ഭൂവിനിയോഗം എന്നിവ സൂക്ഷ്മമായി തിട്ടപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്രഗവൺമെൻറിൻെറ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച ഈ പദ്ധതിയുടെ ലക്ഷ്യം കേരളത്തിലെ എല്ലാം വില്ലേജുകളും അഞ്ചു വർഷം കൊണ്ട് പൂർണ്ണമായി സർവ്വെ ചെയ്തു തീർക്കുക എന്നുള്ളതായിരുന്നു. ഈ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ 1981–ലും 1986–ലും പൂർത്തിയായി. മൂന്നാംഘട്ടം 1986-ൽ ആരംഭിക്കുകയും ഒരു വർഷം പൂർത്തിയായശേഷം അടുത്തവർഷം 1987-88 മുതൽ പുതിയ രീതിയിലുള്ള സർവ്വെ ആരംഭിക്കുകയും ചെയ്തു. 1994-95 മുതൽ പഞ്ചായത്തുതലത്തിൽ സർവ്വെ ആരംഭിച്ചിരിക്കുകയാണ്. റിപ്പോർട്ടു വർഷത്തിൽ പഞ്ചായത്തുതലത്തിൽ സർവ്വെ തുടർന്നു.

(2) കാർഷിക സെൻസസ്:—കേന്ദ്രഗവൺമെൻറിൻെറ സമ്പൂർണ്ണ സാമ്പത്തിക സഹായത്തോടെ അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന ഒരു പദ്ധതിയാണ് കാർഷിക സെൻസസ്. 1990–91 അടിസ്ഥാന വർഷമായി ആരംഭിച്ച അഞ്ചാമതു കാർഷിക സെൻസസ് ജോലികൾ പൂർത്തിയായ

തിൻെറ തുടർച്ചയായി റിപ്പോർട്ടു വർഷം ടാബുലേഷൻ ജോലികാം ആരം ഭിച്ചു. ആറാമത് കാർഷിക സെൻസസ് 1995–96-ൻെറ ആദ്യഘട്ടം എന്ന നിലയിൽ വിശദമായ ചർച്ച ആരംഭിച്ചു.

(3) കൃഷി ചെലവ് സർവ്വെ:—റിപ്പോർട്ടു വർഷത്തിൽ (1995-96) കൃഷി ചെലവ് വിഭാഗം നെല്ല് (മൂന്ന് സീസൺ), തെങ്ങ്, കമുക്, മരച്ചീനി, കുരുമുളക് എന്നീ പ്രധാന വിളകളെക്കുറിച്ചും, പൈനാപ്പിരം, വെററില എന്നീ ഉപവിളകളെക്കുറിച്ചും, കൂടാതെ 1992-93 കാർഷിക വർഷത്തിൽ നടത്തിയ കൃഷി ചെലവ് സർവ്വെ ഫലങ്ങരം ടാബുലേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി.

1995–96 വർഷത്തെ സർവ്വെ പ്രവർത്തനങ്ങരം പുരോഗമിക്കുന്നു.

(4) വ്യവസായ സ്ഥിതിവിവരക്കണക്ക് വിഭാഗം:—സമ്പദ് വ്യവസ്ഥയിൽ വ്യവസായമേഖലയുടെ ക്രമാനുഗതമായ വികാസം, അതിൻെറ തോത്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങരം ശേഖരിച്ച് അപഗ്രഥനം നടത്തി റിപ്പോർട്ടുകരം തയ്യാറാക്കുകയാണ് ഈ വിഭാഗത്തിൻെറ ചുമതല.

റിപ്പോർട്ടു വർഷത്തിൽ 1990-91, 1991-92, 1992-93 വർഷങ്ങളിലെ റിപ്പോർട്ടിനാവശ്യമായ വിശദമായ വിവരങ്ങരം ക്രോഡീകരിച്ച് കേന്ദ്രസർക്കാരിൻെറ കീഴിലുള്ള സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷന് നൽകുകയുണ്ടായി. 1992-93 വർഷത്തിലെ ടാബുലേഷൻ പണി പൂർത്തിയായി. 1993-94-ലെ ടാബുലേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(5) സർവ്വെ ആൻറ് സ്ററഡീസ് വിഭാഗം:—ഈ വിഭാഗം റിപ്പോർട്ടു വർഷത്തിൽ സ്വകാര്യ ആശുപത്രി സർവ്വെ, പട്ടികജാതി–പട്ടികവർഗ്ഗ സംരംഭകർ നടത്തുന്ന വ്യവസായ യൂണിററുകളെ കുറിച്ചുള്ള സർവ്വെ എന്നിവ നടത്തി.

റിപ്പോർട്ടു വർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളെക്കുറിച്ചുള്ള ഒരു വിശദമായ സർവ്വെ ഈ വിഭാഗം നടത്തുകയും റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതോടൊപ്പം തന്നെ സ സ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള സ്വകാര്യ ആശുപത്രിയെക്കുറിച്ചുള്ള വിവരങ്ങരം അടങ്ങിയ ജില്ലാതല ഡയറക്ടറികരം തയ്യാറാക്കി.

പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ടവർ നടത്തുന്ന വ്യവസായ യൂണിററുകളെക്കുറിച്ച് ഒരു സർവ്വെ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വെ ഫലങ്ങരം ഉരംപ്പെടുത്തി ഒരു റിപ്പോർട്ടു തയ്യാറാക്കി.

(6) സാമൂഹ്യ സാമ്പത്തിക കാനേഷുമാരി:—സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങളുടേയും സാമൂഹ്യ, സാമ്പത്തികം, തൊഴിൽ, വിദ്യാഭ്യാസം, പാർപ്പിട സൗകര്യം, കുടിവെള്ള ലഭ്യത തുടങ്ങിയ വിവിധ മേഖലകളെക്കുറിച്ച് വിശദമായ സ്ഥിതിവിവരക്കണക്കുകരം ശേഖരിക്കുന്ന

തിനുവേണ്ടി 1995 ഏപ്രിൽ-മേയ് മാസങ്ങളിൽ ഒരു സമ്പൂർണ്ണ സാമൂഹ്യ സാമ്പത്തിക കാനേഷുമാരി നടത്തുവാനുള്ള എല്ലാ ഒരുക്കങ്ങളും ഈ ഡിവിഷൻ പൂർത്തിയാക്കി.

(7) വ്യവസായ ഉല്പാദന സൂചികാ വിഭാഗം:—വ്യവസായ ഉല്പാദന സൂചിക, വ്യവസായ ഉല്പാദന മൊത്തവില നിലവാര സൂചിക എന്നിവ തയ്യാറാക്കി കാർഷിക റിപ്പോർട്ടുകളാക്കി പ്രസിദ്ധീകരിക്കുന്നത് റിപ്പോർട്ടു വർഷവും തുടർന്നു.

(8) സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം:—സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ വരുമാന നിർണ്ണയത്തിന് അത്യാവശ്യമായ വിവരങ്ങൾ വിവിധ മേഖലകളിൽ നിന്നു ശേഖരിച്ച് അവ ക്രോഡീകരിച്ച് സംസ്ഥാനത്തിന്റെയും ജില്ലകളുടെയും മൊത്തവരുമാനവും ആളോഹരി വരുമാനവും തിട്ടപ്പെടുത്തുന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി. റിപ്പോർട്ടു വരഷത്തിലും ഈ പ്രവർത്തനങ്ങൾ തുടർന്നു.

(9) പ്രൈസസ് വിഭാഗം:—ഈ വിഭാഗത്തിൽ പ്രൈസ്സ് (ജനറൽ) ഇൻഡക്സ് സീരിസ്, കമ്പോള നിലവാരം എന്നിവയെ സംബന്ധിച്ച് ജോലികൾ ചെയ്യുന്നു.

ആവശ്യ സാധനങ്ങളുടെ ദൈനംദിന വില സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച്, ക്രോഡീകരിച്ച് ഗവൺമെൻറിനും വിവിധ ഏജൻസികൾക്കും നൽകി. കൂടാതെ കാർഷിക വ്യാവസായിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വില സൂചിക, വനവിഭവങ്ങളുടെ വില ശേഖരിക്കൽ, മാർക്കററ് ഇൻറലിജൻസ് പദ്ധതി, അരിയുടെ പരസ്യവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട് എന്നിവയും തയ്യാറാക്കി നൽകിവരുന്നു.

(10) ജനന മരണ സ്ഥിതിവിവരം:—കേരളത്തിലെ മൊത്തത്തിലുള്ള ജനന മരണ കണക്കുകൾ ശേഖരിച്ച് റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലിയാണ് പ്രധാനമായി ഈ വിഭാഗം ചെയ്തു വരുന്നത്. റിപ്പോർട്ടു വർഷത്തിലും ഈ ജോലി തുടർന്നു.

(11) ഭവന നിർമ്മാണവും വേതന ഘടന സർവ്വെയും:—ഭവന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിട നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടേയും വ്യാപാര വാണിജ്യ മേഖലയിൽ പ്രവർത്തിയെടുക്കുന്ന ജോലിക്കാരുടേയും വേതനഘടനയെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള പട്ടികകൾ തയ്യാറാക്കി ഭവന നിർമ്മാണ രംഗത്തെ വിവരങ്ങൾ ദേശീയ കെട്ടിട നിർമ്മാണ സംഘങ്ങൾക്കു വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന ആസൂത്രണ വിഭാഗത്തിന്റെ പഠനത്തിനായും അയച്ചു കൊടുക്കുകയാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി. റിപ്പോർട്ടു വർഷവും പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്നു.

(12) ദേശീയ സാമ്പിൾ സർവ്വെ:—കേന്ദ്ര ഗവൺമെൻറിന്റെ ദേശീയ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ, ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കും, രാജ്യത്തിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനു നടത്തിവരുന്ന സാമ്പിൾ സർവ്വെ റിപ്പോർട്ടു വർഷവും തുടർന്നു.

(13) പ്രസിദ്ധീകരണ വിഭാഗം:—ഈ വകുപ്പു നടത്തുന്ന സർവ്വേകളും പഠനങ്ങളും റിപ്പോർട്ടുകളാക്കി പ്രസിദ്ധീകരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നത് ഈ വിഭാഗമാണ്. കൂടാതെ സ്ഥിതി വിവരക്കണക്കുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നത് പ്രസിദ്ധീകരണ വിഭാഗത്തിന്റെ ചുമതലയിൽ വരുന്നതാണ്. റിപ്പോർട്ടു വർഷവും പ്രസ്തുത ജോലികൾ തുടർന്നു.

4. 1995–96 വർഷത്തിൽ പദ്ധതി-പദ്ധതിയേതര ചെലവുകളായി മൊത്തം 895·34 ലക്ഷം രൂപ ചെലവഴിച്ചു.

5. റിപ്പോർട്ടു വർഷത്തിൽ വകുപ്പിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ. എൻ. കുറുപ്പ്,
ഗവ. സെക്രട്ടറി.

# സാമ്പത്തിക സ്ഥിതിവിവരക്കണക്കു വകുപ്പിന്റെ 1995-96 വർഷത്തെ ഭരണ റിപ്പോർട്ട്

## ആമുഖം

| | | |
|---|---|---|
| വകുപ്പു മന്ത്രി | .. | ശ്രീ. എ. കെ. ആന്റണി |
| വകുപ്പു സെക്രട്ടറി | .. | ശ്രീ. കെ. വി. നമ്പ്യാർ (ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്) |
| വകുപ്പ് അദ്ധ്യക്ഷൻ | .. | ഡോക്ടർ എം. കുട്ടപ്പൻ |
| അഡീഷണൽ ഡയറക്ടർമാർ | .. | (1) ശ്രീമതി സി. സൈനബ |
| | | (2) ശ്രീ. യു. തോമസ് സ്റ്റീബ |
| | | (3) ശ്രീ. ഇ. ജമാൽ മുഹമ്മദ് |

കേരളത്തിലെ സ്ഥിതിവിവര കണക്കുകളുടെ മുഖ്യ സ്രോതസ്സായ ഈ വകുപ്പ് 1951-ൽ ബോർഡ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആയും 1954-ൽ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് എന്ന പ്രത്യേക വകുപ്പായും രൂപം കൊണ്ടു. തുടർന്ന്, 1963-ൽ ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്കു ശേഖരിക്കേണ്ട ഒരു മേജർ വകുപ്പായി മാറി. ഇപ്പോൾ ഡിപ്പാർട്ടുമെന്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ആയി പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക സ്ഥിതിവിവര കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ ശേഖരണം, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ മുഖ്യഘടകമായി നിലകൊള്ളുന്നു. സ്ഥിതിവിവര കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിന്റെ ഒരു ഉപദേശക ഘടകമായും പ്രവർത്തിക്കുന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിവിവര കണക്കുകളുടെ ആധികാരികമായ റിപ്പോർട്ടുകൾ വിശകലനം ചെയ്ത് സംസ്ഥാന സർക്കാരുകൾക്കും മററു സാമ്പത്തിക കേന്ദ്രങ്ങൾക്കും അയച്ചു കൊടുക്കുന്നതും ഈ വകുപ്പിന്റെ ചുമതലയിൽ പെടുന്നു. തൻമൂലം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ഈ വകുപ്പ് പ്രധാന പങ്ക് വഹിക്കുന്നു.

<u>കാർഷിക സ്ഥിതിവിവര കണക്കുകൾ</u>:—അതാതു കാലത്തെ കാർഷിക സ്ഥിതി വിവര കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർവ്വെ. (ഇ. എ. ആർ. എ. എസ്.) 50% കേന്ദ്രസഹായം.

കേരളത്തിലെ പ്രധാന കാർഷിക വിളകളുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദന നിരക്ക്, ജലസേചനം, ഭൂവിനിയോഗം എന്നിവ സൂക്ഷ്മമായി തിട്ടപ്പെടുത്തുന്നതിനു വേണ്ടിയുള്ള അടിസ്ഥാനപര

മായ കാർഷിക സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക എന്നുള്ള താണ് ഈ സർവ്വെ (ഇ. എ. ആർ. എ. എസ്.) പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

1975-76-ൽ കേന്ദ്ര ഗവൺമെൻറിൻെറ സാമ്പത്തിക സഹായത്തോടു കൂടി ഈ പദ്ധതി ആരംഭിച്ചു. അഞ്ചു വർഷംകൊണ്ട് കേരളത്തിലെ എല്ലാ വില്ലേജുകളും പൂർണ്ണമായി സർവ്വെ ചെയ്തു തീർക്കുക എന്നുള്ളതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ യഥാക്രമം 1981 ജൂണിലും 1986 ജൂണിലും പൂർത്തിയായി. മൂന്നാം ഘട്ടം 1986-ൽ ആരംഭിക്കുകയും ഒരു വർഷം പൂർത്തിയായ ശേഷം അടുത്ത വർഷം 1987-88 മുതൽ, പുതിയ രീതിയിലുള്ള സർവ്വെ ആരംഭിക്കുകയും ചെയ്തു. 1994-95 മുതൽ പഞ്ചായത്ത് തലത്തിൽ സർവ്വെ ആരംഭിച്ചിരിക്കുകയാണ്.

വിള ഇൻഷ്വറൻസ് പദ്ധതി ബ്ലോക്കുതലത്തിൽ നടപ്പിലാക്കേണ്ട ആവശ്യകതയയും കൂടി കണക്കിലെടുത്താണ് സർവ്വെയ്ക്ക് പുതിയ രീതി അവലംബിച്ചിട്ടുള്ളത്. ചില റവന്യൂ വില്ലേജുകൾ തിരഞ്ഞെടുത്ത് സർവ്വെ ചെയ്യുന്നതിന് പകരമായി സംസ്ഥാനത്തെ എല്ലാ റവന്യൂ വില്ലേജുകളെയും ചേർത്ത് 811 ഇൻവെസ്ററിഗേററർ സോണുകളാക്കി. ഓരോ സോണിൽ നിന്നും 5 സർവ്വെ/ലിത്തോ സബ് ഡിവിഷനുകൾ വീതം ഉൾക്കൊള്ളുന്ന 100 ക്ലസ്ററുകൾ (നിലത്തിൻെറയും കരയുടെയും വിസ്തീർണ്ണത്തിൻെറ ആനുപാതികമായി) തിരഞ്ഞെടുത്ത് സർവ്വെ നടത്തുക എന്നുള്ളതാണ് ഈ പുതിയ രീതിയിൽ അവലംബിച്ചിട്ടുള്ളത്. ഇപ്രകാരം തിരഞ്ഞെടുത്ത നിലം ക്ലസ്ററുകളിൽ 3 പ്രാവശ്യവും (വിരിപ്പ്, മുണ്ടകൻ, പുഞ്ച) 'കരഭൂമി' ക്ലസ്ററുകളിൽ 2 പ്രാവശ്യവും ഇൻവെസ്ററിഗേററർ സന്ദർശനം നടത്തി കൃഷി ചെയ്തിട്ടുള്ള വിളകളുടെ വിവരങ്ങൾ ശേഖരിക്കുന്നു. വിളവെടുപ്പ് പരീക്ഷണം നടത്തേണ്ട സ്ഥലങ്ങൾ 'ഉദ്ദേശ രഹിത റാൻഡം' രീതിയിലാണ് തിരഞ്ഞെടുക്കുന്നത്. ഇപ്രകാരം നടത്തുന്ന പരീക്ഷണങ്ങളിൽനിന്നും ലഭിക്കുന്ന വിവിധ വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനത്തിൻെറ മൊത്തം കാർഷിക സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കുന്നു. ജില്ലാ തലത്തിൽ ഈ സർവ്വെയുടെ മേൽനോട്ട ചുമതല ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ ഓഫീസർ, അഡീഷണൽ ജില്ലാ ഓഫീസർ എന്നിവർക്കുമാണ്. താലൂക്ക് തലങ്ങളിൽ താലൂക്ക് സ്ററാററിസ്ററിക്കൽ ഓഫീസർ, സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർ എന്നിവരാണ് ഈ മേൽനോട്ട ചുമതല നിർവ്വഹിക്കുന്നത്.

## കാർഷിക സ്ഥിതി വിവരക്കണക്കുകളുടെ പ്രവചന റിപ്പോർട്ടു തയ്യാറാക്കൽ

സംസ്ഥാനത്തെ പ്രധാന വിളവുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ ഏകദേശ വിസ്തൃതിയും ഉൽപ്പാദനവും മുൻകൂട്ടി കണക്കാക്കുന്ന പ്രക്രിയ അനുസരിച്ച് 1993-94 വർഷത്തെ വിവിധ വിളകളുടെ പ്രവചന റിപ്പോർട്ടുകൾ തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിനും സംസ്ഥാന ഗവൺമെൻറിനും യഥാസമയം സമർപ്പിച്ചിട്ടുണ്ട്.

ഇതിന് പുറമേ റിപ്പോർട്ടു വർഷത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ള സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് അയച്ചിട്ടുണ്ട്.

1987-88 മുതൽ 1992-93 വരെയുള്ള കാലത്തെ കാർഷിക വിളകളുടെ ബ്ലോക്ക് തലത്തിലുള്ള വിവരങ്ങൾ ശേഖരിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

നടപ്പു വർഷത്തിൽ തിരഞ്ഞെടുത്ത ക്ലസ്റ്ററുകളിൽ നാഷണൽ സാമ്പിൾ സർവ്വെയുടെ ആഭിമുഖ്യത്തിൽ നെല്ലിനും മരച്ചീനിക്കും വേണ്ടിയുള്ള ഒരു സമാന്തര പദ്ധതി പ്രകാരം 160 സോണുകളിൽ ഏരിയ എന്യൂമറേഷന്റേയും 160 വിള പരീക്ഷണങ്ങളുടേയും പരിശോധന നടത്തേണ്ടതുണ്ട്. നാഷണൽ സാമ്പിൾ സർവ്വെ സംഘടനയും സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്കു വകുപ്പും തുല്യമായി പങ്കിട്ടു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന സാമ്പിളുകളായി തീർപ്പു കൽപ്പിച്ചിട്ടുള്ള 50% വില്ലേജുകളിൽ പരിശോധന നാഷണൽ സാമ്പിൾ സർവ്വെ ഉദ്യോഗസ്ഥൻമാരാണ് നടത്തുന്നത്.

1994-95 വർഷത്തിലെ സർവ്വെയിലൂടെ ലഭിച്ചിട്ടുള്ള സ്ഥിതി വിവര കണക്കുകൾ അപഗ്രഥിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

<u>കാർഷിക സെൻസസ്</u>:—കേന്ദ്ര ഗവൺമെന്റ് 1990-91 അടിസ്ഥാന വർഷമായി അഞ്ചാമത് കാർഷിക സെൻസസ് ഭാരതത്തിലാകമാനം നടത്തുന്നതിന്റെ ഭാഗമായി കേരള സംസ്ഥാനത്തിലും നടത്തി.

കേന്ദ്ര ഗവൺമെന്റിന്റെ സമ്പൂർണ്ണ സാമ്പത്തിക സഹായത്താൽ നടത്തുന്ന ടി സെൻസസിന്റെ ചുമതലയാണ് ഈ വിഭാഗത്തിനുള്ളത്.

കൈവശ അനുഭവ ഭൂമിയുടെ വിസ്തീർണ്ണാടിസ്ഥാനത്തിലുള്ള വിതരണം, വിനിയോഗാടിസ്ഥാനത്തിലുള്ള വിതരണം, കൈവശ അനുഭവത്തിന്റെ സ്വഭാവമനുസരിച്ചുള്ള വിതരണം, കാർഷിക വിളകളുടെ വിസ്തീർണ്ണം, വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ തുടങ്ങിയ കാർഷികോപാധികളുടെ വിനിയോഗം എന്നിവ അഖിലേന്ത്യാ തലത്തിൽ അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന കാർഷിക സെൻസസ് മുഖേന ശേഖരിക്കുന്നു.

1990-91-ൽ ആരംഭിച്ച സെൻസസ് ജോലികൾ പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ അതിന്റെ ടാബുലേഷൻ ജോലികൾ ആരംഭിച്ചുകഴിഞ്ഞു.

1991-92-ലെ 'ഇൻപുട്ട്' സർവ്വെയുടെ ടാബുലേഷൻ ജോലികൾ നടക്കുന്നു. 1996 മേയ് മാസം അവസാനം പ്രസ്തുത ജോലികൾ തീരുന്നതാണ്.

ആറാമത് കാർഷിക സെൻസസ് (1995-96) ന്റെ ആദ്യഘട്ടം എന്ന നിലയിൽ വിശദമായ ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞു.

1985–86-ലെ നാലാമത് കാർഷിക സെൻസസിന്റെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

കൃഷി ചെലവ് സർവ്വെ:—കാർഷിക വികസന പരിപാടികൾക്കാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നയപരിപാടികൾ ആവിഷ്കരിക്കുന്നതിനും കൃഷി ചെലവുകളെ കുറിച്ചുള്ള കൃത്യവും വസ്തു നിഷ്ഠവുമായ വാർഷിക സ്ഥിതി വിവര കണക്കുകൾ ആവശ്യമാണ്.

റിപ്പോർട്ട് വർഷത്തിൽ കൃഷി ചെലവു വിഭാഗം നെല്ല് (മൂന്ന് സീസൺ) തെങ്ങ്, കമുക്, മരച്ചീനി, കുരുമുളക് എന്നീ പ്രധാന വിളകളെ കുറിച്ചും പൈനാപ്പിൾ, വെററില എന്നീ ഉപവിളകളെ കുറിച്ചും 1992–93 കാർഷിക വർഷത്തിൽ നടത്തിയ കൃഷി ചെലവ് സർവ്വെ ഫലങ്ങൾ ടാബുലേഷൻ നടത്തി റിപ്പോർട്ടു തയ്യാറാക്കുകയുണ്ടായി.

1993–94 വർഷത്തിൽ നടത്തിയ കൃഷി ചെലവ് സർവ്വെ ഫലങ്ങൾ ടാബുലേഷൻ നടത്തിയിട്ടുണ്ട്. 1994–95 വർഷത്തിലേതിന്റെ റിപ്പോർട്ട് ക്രോഡീകരിക്കുകയും, സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

1995–96 വർഷത്തിലെ സർവ്വെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## വ്യവസായ സ്ഥിതിവിവര കണക്കു വിഭാഗം

സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ വ്യവസായത്തിന് പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. സമ്പദ് വ്യവസ്ഥയിൽ വ്യവസായ മേഖലയുടെ ക്രമാനുഗതമായ വികാസം, അതിന്റെ തോത്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുകയാണ് ഈ വിഭാഗത്തിന്റെ ചുമതല.

സംഘടിത വ്യാവസായിക മേഖലയിലെ മുടക്കുമുതൽ, വായ്പകൾ, പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ, ജീവനക്കാർ—അവരുടെ വേതനം, അസംസ്കൃത സാധനങ്ങളുടെ ഉപഭോഗം, മൊത്തം വ്യാവസായിക ഉൽപ്പാദനമൂല്യം അററമൂല്യം എന്നീ വിശദാംശങ്ങളെ കുറിച്ചുള്ള പഠനമാണ് ഈ വിഭാഗം നടത്തുന്നത്.

മേൽ പറഞ്ഞ പഠനത്തിനാവശ്യമായ വിവരങ്ങൾ നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ (ഫീൽഡ് ഓപ്പറേഷൻ ഡിവിഷൻ) നടത്തുന്ന വാർഷിക വ്യാവസായിക സർവ്വെയുടെ പൂരിപ്പിച്ച ഷെഡ്യൂളുകളിൽ നിന്നും ശേഖരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നു.

റിപ്പോർട്ട് വർഷത്തിൽ 1990–91, 1991–92, 1992–93 റിപ്പോർട്ടിനാവശ്യമായ വിശദമായ വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷന് നൽകുകയുണ്ടായി. 1992–93 വർഷത്തിലെ ടാബുലേഷൻ പണി പൂർത്തിയായി. 1993-94 ടാബുലേഷൻ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

1993–94 ലെ നോൺ റെസ്പോണ്ടിംഗ് യൂണിററുകളുടെ മൂല്യ ശോഷണം, അറ്റമൂല്യം, മുതലായവ ടാബുലേററ് ചെയ്ത് സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിന് ആവശ്യമായ വിവരങ്ങൾ ഈ വിഭാഗത്തിൽ നിന്നും നൽകുന്നു.

## [സർവ്വെ ആൻഡ് സ്ററഡീസ് വിഭാഗം]
## സർവ്വെയും പഠനങ്ങളും വിഭാഗം]

ഈ വിഭാഗം റിപ്പോർട്ടു വർഷത്തിൽ സ്വകാര്യ ആശുപത്രി സർവ്വെ, പട്ടികജാതി–പട്ടികവർഗ്ഗ സംരംഭകർ നടത്തുന്ന വ്യവസായ യൂണിററുകളെ കുറിച്ചുള്ള സർവ്വെ എന്നിവ നടത്തി. സാമൂഹ്യ സാമ്പത്തിക കാനേഷുമാരി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി.

സ്വകാര്യ ആശുപത്രി സർവ്വെ:—ആരോഗ്യ പരിപാലന രംഗത്ത് സംസ്ഥാനത്ത് അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള സ്ഥാപനങ്ങൾ ഈ കാര്യത്തിൽ നല്ലൊരു പങ്ക് വഹിക്കുന്നു. സർക്കാർ സ്ഥാപനങ്ങളെ കുറിച്ചുള്ള കണക്കുകൾ ലഭ്യമാണെങ്കിലും സ്വകാര്യ സ്ഥാപനങ്ങളെ കുറിച്ചുള്ള ആനുകാലിക സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല.

സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളെക്കുറിച്ചുള്ള ഒരു വിശദമായ സർവ്വെ ഈ വിഭാഗം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതോടൊപ്പം തന്നെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമുള്ള സ്വകാര്യ ആശുപത്രിയെ കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ജില്ലാ തല ഡയറക്ടറികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി–പട്ടികവർഗ്ഗ സംരംഭകർ നടത്തുന്ന വ്യവസായ യൂണിററുകളെ കുറിച്ചുള്ള സർവ്വെ:—സംസ്ഥാനത്തെ പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി സർക്കാരും ധനകാര്യ സ്ഥാപനങ്ങളും പലവിധത്തിലുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. ഈ വകുപ്പ് പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ടവർ നടത്തുന്ന വ്യവസായ യൂണിററുകളെ കുറിച്ച് ഒരു സർവ്വെ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വെ ഫലങ്ങൾ ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

സാമൂഹ്യ സാമ്പത്തിക കാനേഷുമാരി:—സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങളുടെയും സാമൂഹ്യ, സാമ്പത്തികം, തൊഴിൽ, വിദ്യാഭ്യാസം, പാർപ്പിട സൗകര്യം, കുടിവെള്ള ലഭ്യത തുടങ്ങിയ വിവിധ മേഖലകളെ കുറിച്ച് വിശദമായ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനുവേണ്ടി 1995 ഏപ്രിൽ–മേയ് മാസങ്ങളിൽ ഒരു സമ്പൂർണ്ണ സാമൂഹ്യ–സാമ്പത്തിക കാനേഷുമാരി നടത്തുവാനുള്ള എല്ലാ ഒരുക്കങ്ങളും ഈ ഡിവിഷൻ പൂർത്തിയാക്കുകയുണ്ടായി. സർവ്വെയ്ക്കാവശ്യമായ 80 ലക്ഷത്തോളം ഫാറങ്ങൾ അച്ചടിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള സ്കൂളുകളിൽ എത്തിക്കു.

കയും ചെയ്തു. നാലു ജില്ലകളിൽ സെൻസസ് പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. എന്നാൽ സർക്കാർ നിർദ്ദേശമനുസരിച്ച് ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ സെൻസസ് പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുകയാണ്.

## വ്യവസായ ഉൽപ്പാദന സൂചികാ വിഭാഗം

വ്യാവസായിക ഉൽപ്പാദന സൂചിക:—സംസ്ഥാനത്തെ വ്യാവസായിക വളർച്ച കണക്കാക്കുന്നതിന് വ്യാവസായിക ഉൽപ്പാദന സൂചിക സഹായിക്കുന്നു. ഗവൺമെൻറിൻെറ ഉത്തരവ് നമ്പർ 280/75/പ്ലാനിംഗ് പ്രകാരമാണ് ഈ സൂചിക തയ്യാറാക്കൽ ആരംഭിച്ചത്. സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനാണ് ഈ സൂചിക തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശം നൽകുന്നത്. ത്രൈമാസിക ഉൽപ്പാദന സൂചിക കണക്കാക്കി വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുന്നു. പൊതു സൂചിക 1970-ൽ 100 എന്ന അടിസ്ഥാനത്തിലാണ്, 1975 മുതൽ സൂചിക തയ്യാറാക്കി വന്നത്. 1988–89 മുതൽ 1980-ൽ 100 എന്ന അടിസ്ഥാനത്തിൽ ഉൽപ്പാദന സൂചിക തയ്യാറാക്കി വരുന്നു. 30-3-1994 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 1994-95–ലെ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

വ്യവസായ ഉൽപ്പന്ന മൊത്ത വിലനിലവാര സൂചിക:—വ്യവസായികോൽപ്പന്നങ്ങളുടെ മൊത്ത വിലയിൽ ഉണ്ടായിട്ടുള്ള മാററങ്ങൾ കണക്കാക്കാൻ മൊത്ത വില ശേഖരിച്ച് വിലനിലവാര സൂചിക കണക്കാക്കുന്നു. പ്രതിമാസ വില ശേഖരിച്ച് വാർഷിക ശരാശരി കണക്കാക്കി മൊത്ത വിലനിലവാര സൂചിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. സംഘടിത–അസംഘടിത മേഖലകളിലെ വിലകൾ പ്രത്യേകം പ്രത്യേകം ശേഖരിക്കുകയും സൂചിക തയ്യാറാക്കുകയും ചെയ്യുന്നു. 1993–94 വർഷം വരെയുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. 1994–95 വർഷത്തെ മൊത്ത വില നിലവാര സൂചിക ക്രോഡീകരിച്ച് പ്രസിദ്ധീകരണത്തിനുള്ള ജോലികൾ നടന്നു വരുന്നു.

## സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം

കേരള സംസ്ഥാനത്തിൻെറ വിവിധ മേഖലകളിലെ വരുമാന നിർണ്ണയത്തിന് അത്യാവശ്യമായ വിവരങ്ങൾ വിവിധ മേഖലകളിൽ നിന്ന് ശേഖരിച്ച് അവ ക്രോഡീകരിച്ച് സംസ്ഥാനത്തിൻെറയും ജില്ലകളുടെയും മൊത്ത വരുമാനവും ആളോഹരി വരുമാനവും തിട്ടപ്പെടുത്തുകയാണ് ഈ വിഭാഗം പ്രധാനമായി ചെയ്യുന്നത്. ഇതിനും പുറമേ കാലാകാലങ്ങളിൽ ലഭ്യമാകുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി മുൻ വർഷങ്ങളിലെ സംസ്ഥാന വരുമാനം പുനർ നിർണ്ണയിക്കുകയും ചെയ്യുന്നു. റിപ്പോർട്ട് വർഷത്തിലും ഈ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

1980-81 അടിസ്ഥാന വർഷമായി കണക്കാക്കിയിട്ടുള്ള പുതിയ പരമ്പരയിൽ 1993-94 വർഷത്തിലെ സംസ്ഥാനത്തിന്റെ മൊത്ത വരുമാനം ആളോഹരി വരുമാനം ഇവ കേന്ദ്രവും സംസ്ഥാനവും വെവ്വേറെ തയ്യാറാക്കിയ സ്റ്റേറ്റുമെന്റുകളിൻമേൽ 11-3-1996 മുതൽ 15-3-1996 വരെ ന്യൂഡെൽഹിയിലെ കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷനിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ കേന്ദ്ര നിർദ്ദേശാനുസരണം മൊത്ത വരുമാനത്തിലും ആളോഹരി വരുമാനത്തിലും വേണ്ട ഭേദഗതികൾ വരുത്തുകയും ചെയ്തു.

പുതിയ പരമ്പരയിൽ 1980-81 മുതൽ 1994-95 വരെ സംസ്ഥാനത്തിന്റെയും 1980-81 മുതൽ 1994-95 വരെ ജില്ലകളുടെയും മൊത്ത വാർഷിക വരുമാനവും ആളോഹരി വരുമാനവും ഈ കാലയളവിൽ തയ്യാറാക്കി പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്.

1993-94 സാമ്പത്തിക വർഷത്തിലെ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വിവിധ ലക്ഷ്യങ്ങൾക്കുവേണ്ടി ചെലവഴിച്ച തുകയും ഇക്കണോമിക് ക്ലാസിഫിക്കേഷൻ അനുസരിച്ച് തരംതിരിച്ച് റിപ്പോർട്ടും തയ്യാറാക്കുകയുണ്ടായി. 1996 97-ലെ ധനാഭ്യർത്ഥന നിയമസഭയിൽ അവതരിപ്പിക്കാത്തതിനാൽ 1994-95 വർഷത്തിലെ സാമ്പത്തിക തരംതിരിക്കൽ ജോലികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

1980-81 മുതൽ 1994-95 വരെയുള്ള മൊത്തവരുമാനവും (അററാദായം) ആളോഹരി വരുമാനവും കാണിക്കുന്ന പട്ടിക:

| വർഷം | തനതുവർഷ വിലകൾ | | അടിസ്ഥാനവർഷ വിലകൾ | |
|---|---|---|---|---|
| | മൊത്ത വരുമാനം രൂപ (ലക്ഷത്തിൽ) | ആളോഹരി വരുമാനം (രൂപയിൽ) | മൊത്ത വരുമാനം രൂപ (ലക്ഷത്തിൽ) | ആളോഹരി വരുമാനം (രൂപയിൽ) |
| 1980-81 | 382273 | 1508 | 382273 | 1508 |
| 1981-82 | 404973 | 1576 | 377481 | 1469 |
| 1982-83 | 471150 | 1809 | 386851 | 1485 |
| 1983-84 | 552328 | 2092 | 371168 | 1406 |
| 1984-85 | 614145 | 2296 | 394158 | 1473 |
| 1985-86 | 650341 | 2398 | 408636 | 1507 |
| 1986-87 | 735437 | 2676 | 399297 | 1453 |
| 1987-88 | 825756 | 2937 | 416563 | 1482 |
| 1988-89 | 918172 | 3233 | 458410 | 1614 |
| 1989-90 | 1066768 | 3718 | 489236 | 1705 |
| 1990-91 | 1217349 | 4200 | 526234 | 1815 |
| 1991-92 | 1510165 | 5140 | 536466 | 1826 |
| 1992-93 | 1717520 | 5768 | 575161 | 1932 |
| 1993-94 (താൽക്കാലികം) | 1883667 | 6242 | 616459 | 2043 |
| 1994-95 (ശീഘ്ര കണക്ക്) | 2135795 | 6988 | 646104 | 2113 |

## പ്രൈസസ് വിഭാഗം

ഈ വിഭാഗത്തിൽ പ്രൈസസ് (ജനറൽ), ഇൻഡക്സ് സീരീസ്, കമ്പോള നിലവാരം എന്നിവയെ സംബന്ധിച്ച ജോലികൾ ചെയ്യുന്നു.

(എ) പ്രൈസസ് (ജനറൽ) വിഭാഗം:—അവശ്യ സാധനങ്ങളുടെ ദിവസേനയുള്ള വിലനിലവാരം.—അവശ്യ സാധനങ്ങളുടെ ദൈനംദിന വില സംസ്ഥാനത്തിലെ ജില്ലാ ആസ്ഥാനങ്ങളിൽനിന്നും അതിനായി നിയോഗിച്ചിട്ടുള്ള പ്രൈസ് കലക്ടേഴ്സ് ശേഖരിച്ച് നാഷണൽ ഇൻഫർമാറ്റിക് സെൻററിന്റെ (എൻ. ഐ. സി.) കമ്പ്യൂട്ടർ ശൃംഖല വഴി ഡയറക്ടറേററിൽ എത്തിച്ച് പ്രൈസസ് വിഭാഗം ക്രോഡീകരിച്ച് ഗവൺമെൻറിലേക്കും വിവിധ ഏജൻസികൾക്കും അയച്ചുവരുന്നു.

സിവിൽ സപ്ലൈസ് വകുപ്പിന്റെ ആവശ്യപ്രകാരം എല്ലാ ബുധനാഴ്ചയും 15 ഇനം അത്യാവശ്യ സാധനങ്ങളുടെ വിലകൾ തിരുവനന്തപുരം, എറണാകുളം എന്നീ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ചു നൽകിവരുന്നു.

എല്ലാ മാസവും ജില്ലാ കേന്ദ്രങ്ങളിൽനിന്നും 16 ഇനം അത്യാവശ്യ സാധനങ്ങളുടെ ചില്ലറ വിലയും, 5 ഇനം സാധനങ്ങളുടെ മൊത്ത വിലയും ശേഖരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നു.

പച്ചക്കറി, ഇലക്കറി എന്നിവയുടെ ദിവസേനയുള്ള ചില്ലറ വില തിരുവനന്തപുരം കേന്ദ്രത്തിൽനിന്നും ശേഖരിച്ച് ഹോർട്ടിക്കൾച്ചർ പ്രോഡക്ട്സ് ഡെവലപ്പ്മെൻറ് കോർപ്പറേഷന് നൽകുന്നു.

50 ഇനം നിത്യോപയോഗ സാധനങ്ങളുടെ ദിവസേനയുള്ള വില നിലവാരം ജില്ലാ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ച്, ക്രോഡീകരിച്ച് ഓരോ മാസത്തേക്കുമുള്ള സ്റ്റേറ്റ്മെൻറ് സിവിൽ സപ്ലൈസ് കോർപ്പറേഷന് അയച്ചുകൊടുക്കുന്നു.

വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്കും മററു വിവിധ കേന്ദ്രങ്ങളിലേക്കും അയയ്ക്കുന്നു. അവശ്യ സാധനങ്ങളുടെ വില വിവര പഠനങ്ങൾക്കും റിപ്പോർട്ടുകൾക്കും വേണ്ടി റിസർവ്വ് ബാങ്കിന്റെ വിഭാഗത്തിനും ഈ വകുപ്പിൽനിന്നും നൽകിവരുന്നുണ്ട്.

കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു ജില്ലാ കേന്ദ്രങ്ങളിൽനിന്നും എല്ലാ വെള്ളിയാഴ്ചത്തേയും അവശ്യസാധനങ്ങളുടെ ചില്ലറ വിലയും എല്ലാ മാസത്തേയും അവസാന വെള്ളിയാഴ്ച ദിവസത്തെ പ്രധാനപ്പെട്ട ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ വിലയും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി, കേന്ദ്ര സർക്കാരിന്റെ കൃഷിമന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിന് അയച്ചുകൊടുക്കുന്നു.

ഉപഭോക്തൃ വില സൂചിക:—പതിനഞ്ച് തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ 1970=100 അടിസ്ഥാനവർഷമായിട്ടുള്ള ഉപഭോക്തൃ വില സൂചിക എല്ലാ മാസവും തയ്യാറാക്കി ദിനപത്രങ്ങളിലും ഗസററിലും പ്രസിദ്ധീകരിക്കുന്നു.

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി
10. തൃശ്ശൂർ
11. പാലക്കാട്
12. കോഴിക്കോട്
13. മലപ്പുറം
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃ വില സൂചിക കാണിക്കുന്ന സ്റേററുമെൻറുകൾ അവയുടെ ഗുണഭോക്താക്കളായ പ്രധാനപ്പെട്ട സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല-സ്വകാര്യമേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നേരിട്ട് അയച്ചുകൊടുക്കുന്നു.

1981-82 അടിസ്ഥാന വർഷമാക്കി ഉപഭോക്തൃ വില സൂചിക പ്രസിദ്ധം ചെയ്യുന്ന നടപടികളുടെ ഭാഗമായി നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ചു വരുന്നു.

കേന്ദ്ര സർക്കാരിൻെറ തൊഴിൽ മന്ത്രാലയത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന സിംലയിലെ ലേബർ ബ്യൂറോയ്ക്കുവേണ്ടി ആലുവ, മുണ്ടക്കയം, കൊല്ലം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽനിന്ന് 1982 അടിസ്ഥാന വർഷമായുള്ള വില സൂചിക കണക്കാക്കുന്നതിനുള്ള നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ച് അയച്ചുകൊടുക്കുന്നു.

1982 അടിസ്ഥാനവർഷമായി ലേബർ ബ്യൂറോ വ്യാവസായിക തൊഴിലാളികൾക്കുവേണ്ടി പ്രസിദ്ധം ചെയ്യുന്ന ഉപഭോക്തൃ വില സൂചിക ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ, അർദ്ധസർക്കാർ, പൊതു-സ്വകാര്യമേഖല സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് അയച്ചുകൊടുക്കുന്നു.

അലോപ്പതി, നാട്ടുചികിൽസ, ഹോമിയോ, ജയിൽ, ഇ. എസ്. ഐ. സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങിയ വിവിധ വകുപ്പുകൾക്ക് ദർഘാസ് കരാറുകളുടെ തീർപ്പുകൾ സംബന്ധിച്ച ആവശ്യത്തിനു വേണ്ടി ഭക്ഷ്യസാധനങ്ങളുടെയും ആശുപത്രികൾക്കാവശ്യമായ അത്യാവശ്യ സാധനങ്ങളുടെയും കമ്പോള ചില്ലറ വില സംസ്ഥാനത്തെ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് നൽകിവരുന്നു.

ഭക്ഷ്യസാധനങ്ങളുടെ വില ശേഖരണം റിപ്പോർട്ട് വർഷത്തിലെ ജനുവരി, ഏപ്രിൽ, ജൂലായ്, ഒക്ടോബർ എന്നീ നാലു ത്രൈമാസത്തിലേയും ആദ്യ വെള്ളിയാഴ്ച നടത്തുന്നു. കൂടാതെ, ഓരോ വകുപ്പിലും ആവശ്യമായ നിർദ്ദിഷ്ട സാധനങ്ങളുടെ കമ്പോള വില റിപ്പോർട്ട് വർഷത്തിൽ ജനുവരി മാസം ശേഖരിച്ച് നൽകി വരുന്നു. പ്രസ്തുത വിലവിവരങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസുകൾ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ കോളേജുകൾ, ക്ഷയരോഗാശുപത്രികൾ, കുഷ്ഠരോഗാശുപത്രികൾ, ജയിൽ, ഇ. എസ്. ഐ. ആശുപത്രികൾ, ജയിൽ ഇൻസ്പെക്ടർ ജനറൽ, പട്ടാള മേധാവികളുടെ ഓഫീസുകൾ, മാനസികരോഗാശുപത്രികൾ തുടങ്ങിയവയ്ക്കും വില വിവരങ്ങൾ ആവശ്യമുള്ള മറ്റെല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവരുടെ അപേക്ഷാനുസരണം അയച്ചുകൊടുക്കുന്നു.

<u>ആയുർവേദ മരുന്നുകളുടെ വില ശേഖരിക്കൽ</u>:—ആയുർവേദ കോളേജുകളുടെ ആവശ്യപ്രകാരം ആയുർവേദ മരുന്നുകൾ ഉണ്ടാക്കുന്നതിന്, ആവശ്യമായ ഫലങ്ങൾ, ഇലകൾ, വേരുകൾ, ക്ഷാരങ്ങൾ തുടങ്ങിയവയുടെ കമ്പോള വില ശേഖരിച്ച് അയച്ചു കൊടുക്കുന്നു.

<u>വന വിഭവങ്ങളുടെ വില ശേഖരിക്കൽ</u>:—18 ഇനം വന വിഭവങ്ങളുടെ വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽനിന്നും മാസംതോറും ശേഖരിച്ച് സൂക്ഷ്മപരിശോധന നടത്തി ക്രോഡീകരിച്ച് ഓരോ ത്രൈമാസത്തിലും ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിന് നൽകുന്നുണ്ട്. ഇവയുടെ വർഷാന്ത്യ വില അയൽ സംസ്ഥാനങ്ങളിലെ ബാംഗ്ലൂർ, മദ്രാസ്, മംഗലാപുരം, നാഗർകോവിൽ എന്നീ കേന്ദ്രങ്ങളിൽനിന്ന് നേരിട്ടന്വേഷിച്ച് മുഖ്യ വനപാലകന് നൽകുന്നു.

<u>മാർക്കറ്റ് ഇൻറലിജൻസ് പദ്ധതി</u>:—ഉൽപ്പന്നങ്ങളുടെ വില വിവരം, ആകെയുള്ള ഉൽപ്പാദനം തനതാവശ്യം കഴിഞ്ഞ് വിൽപ്പനയ്ക്ക് ലഭ്യമായ ഉൽപ്പന്നങ്ങളുടെ അളവ്, കമ്പോളത്തിലെ ഉൽപ്പന്നങ്ങളുടെ വരവും പോക്കും, ശേഖരണം, ശേഖരണത്തിൻെറ ഫലമായി ഉണ്ടാകുന്ന നഷ്ടം, ഗവൺമെൻറ് തലത്തിൽ നടത്തുന്ന ക്രയവിക്രയം എന്നിവ മനസ്സിലാക്കി കമ്പോളവില നിർണ്ണയം നടത്തുകയാണ് മാർക്കറ്റ് ഇൻറലിജൻസ് കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ, കാർഷികോൽപന്നങ്ങളുടെ അതാതു ദിവസത്തെ വിലയെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കുന്നതിനും ചൂഷണത്തിൽപ്പെടാതെ നിലവിലുള്ള കമ്പോള വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്നതിന് അവരെ സഹായിക്കുന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലൊന്നാണ്.

ഈ പദ്ധതിയനുസരിച്ച് വില റിപ്പോർട്ട് ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാത് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും, ജില്ലാ ഓഫീസർമാരും, കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള രണ്ട് റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിച്ചുവരുന്നു.

ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർകോഡ് ഒഴിച്ചുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ചങ്ങനാശ്ശേരി, കൊച്ചി എന്നീ കേന്ദ്രങ്ങളിലും വില ശേഖരണ പ്രവർത്തനം അതിനുവേണ്ടിമാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിച്ചു വരുന്നു. അതേ സമയം ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വളപട്ടണം എന്നിവിടങ്ങളിൽ 4 ഫുൾ ടൈം പ്രൈസ് റിപ്പോർട്ടർമാരും ബാക്കി കേന്ദ്രങ്ങളിൽ താലൂക്ക് സ്റ്റാററിസ്ററിക്കൽ ഓഫീസിലുള്ള ഇൻവെസ്ററിഗേററർമാരും ഈ കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം മേഖലയിൽ 27-ഉം കോഴിക്കോട് മേഖലയിൽ 7-ഉം കണ്ണൂർ മേഖലയിൽ 4-ഉം കേന്ദ്രങ്ങളിൽ കമ്പോള വില നിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ എന്നീ നിലയങ്ങളിൽ കൂടി പ്രക്ഷേപണം ചെയ്തു വരുന്നു.

<u>പ്രതിവാര കമ്പോള നിലവാര അവലോകനം</u>:—തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോള നിലവാര അവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തുവരുന്നു.

<u>അരിയുടെ പരസ്യവിലയെക്കുറിച്ച് പ്രതിദിന റിപ്പോർട്ട്</u>:—എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും വിപണനം നടക്കുന്ന അരിയുടെ കമ്പോള വിലയെ കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി, കേന്ദ്ര സർക്കാരിനും സംസ്ഥാന റവന്യൂ ബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുവരുന്നു. ഇവയ്ക്കെല്ലാമുപരിയായി ഈ പദ്ധതി അനുസരിച്ച് മൊത്തവിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്ര സംസ്ഥാന ഗവൺമെൻറ് സ്ഥാപനങ്ങൾക്കും റിസർവ്വ് ബാങ്കിനും ആവശ്യാനുസരണം ലഭ്യമാക്കിവരുന്നു. അരിയുടെയും നെല്ലിന്റെയും മാർക്കററിലെ പ്രതിമാസ മൊത്തവില ശേഖരിച്ച് മദ്രാസിലെ സിവിൽ സപ്ലൈസ് കൺസ്യൂമർ പ്രൊട്ടക്ഷൻ ഡിപ്പാർട്ട്മെൻറിന് അയച്ചു കൊടുക്കുന്നു.

<u>(ബി) ഇൻഡക്സ് സീരീസ് വിഭാഗം (കാർഷിക ധന സംബന്ധം)</u>:—

(1) കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക.

(2) കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യ പഠന സൂചിക.

(3) കാർഷിക വേതന സൂചിക എന്നീ സൂചികകൾ ഈ വിഭാഗം തയ്യാറാക്കുന്നു.

<u>കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക</u>:—പ്രധാനപ്പെട്ട 17 കാർഷിക ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽനിന്ന് ശേഖരിക്കുന്ന മൊത്ത വിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കുന്നു.

കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യ പഠന സൂചിക:— 1952-53 അടിസ്ഥാന വർഷമാക്കി കർഷകരുടെ സാമ്പത്തിക നില, കാർഷികോൽപ്പന്നങ്ങളുടെ വില, അവയുടെ ഉൽപ്പാദനത്തിനുവേണ്ടി വരുന്ന ചെലവുകൾ, ഗാർഹിക ചെലവുകൾ എന്നിവ കണക്കാക്കിയതും, കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു. ഇത് പ്രതിമാസ സൂചികയാണ്.

കാർഷിക വേതന സൂചിക:—സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ കേന്ദ്രങ്ങളിൽനിന്നും ശേഖരിക്കപ്പെട്ടിട്ടുള്ള കാർഷിക വേതനത്തിന്റെ കണക്ക് ഇന്ത്യാ ഗവൺമെന്റിന്റെ എക്കണോമിക്സ് ആന്റ് സ്ററാററിസ്ററിക്സ് അഡ്വൈസർക്ക് അയച്ചുകൊടുക്കുകയും അതോടൊപ്പം തന്നെ കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു. കർഷകത്തൊഴിലാളികളുടെയും വിദഗ്ദ്ധ തൊഴിലാളികളുടേയു പ്രതിമാസ വേതന സൂചിക 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ച് തയ്യാറാക്കി ഇന്ത്യാ ഗവൺമെന്റിന് അയച്ചു കൊടുക്കുന്നു.

ഇവയ്ക്കു പുറമേ താഴെ പറയുന്ന ജോലികൾ കൂടി ഈ വിഭാഗം നിർവ്വഹിച്ചുവരുന്നു:

1. തൊണ്ടോടു കൂടിയ നാളികേരത്തിന്റെ പ്രൈവാര തോട്ടവില ശേഖരിച്ച് എറണാകുളത്തുള്ള നാളികേര വികസന ബോർഡ് ചെയർമാന് ത്രൈമാസിക റിപ്പോർട്ടായി അയച്ചുവരുന്നു.

2. പ്രധാനപ്പെട്ട 9 കാർഷികോൽപ്പന്നങ്ങളുടെ വാർഷിക ശരാശരി വില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആന്റ് സ്ററാററിസ്ററിക്കൽ അഡ്വൈസർക്ക് അയച്ചുകൊണ്ടിരിക്കുന്നു.

3. കയറിന്റേയും തൊണ്ടിന്റേയും പ്രതിവാര വില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിക്കും തിരുവനന്തപുരത്തുള്ള കയർ ഡെവലപ്പ്മെന്റ് സെക്രട്ടറിക്കും അയച്ചു വരുന്നു.

കയറിന്റെ തന്നെ പ്രതിമാസ വില നിലവാരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെന്റ് പ്രസ്സിലേക്ക് നൽകി വരുന്നു.

4. കാർഷിക വിഭവങ്ങളുടെ വിവരങ്ങൾ കോടതി നിർദ്ദേശ പ്രകാരം നൽകി വരുന്നു.

5. കേന്ദ്ര സർക്കാരിന്റെ കേന്ദ്ര വ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്സ് അഡ്വൈസർ പ്രസിദ്ധം ചെയ്തു വരുന്ന 1981-82 അടിസ്ഥാന വർഷമായിട്ടുള്ള എല്ലാ സാധനങ്ങളുടെയും മൊത്ത വിലസൂചിക ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ പൊതു–സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കരാറുകാർക്കും നൽകി വരുന്നു.

6. അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ പ്രതിവാര കമ്പോള മൊത്തവില ശേഖരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം റീജിയണൽ മാനേജർക്ക് ആഴ്ച തോറും അയച്ചു വരുന്നു.

7. കെ. എൽ. ആർ. ആക്ടിലെ സെക്ഷൻ 43 പ്രകാരം ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥനാനുസരണം എല്ലാ താലൂക്കിലുമുള്ള പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നങ്ങളുടെ പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി എല്ലാ ത്രൈമാസത്തിലും സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകി വരുന്നു.

8. ഉപ്പിന്റെ പ്രതിവാര കമ്പോള മൊത്ത വിലയും ചില്ലാ വിലയും ശേഖരിച്ച് മദ്രാസിലെ ഡെപ്യൂട്ടി സാൾട്ട് കമ്മീഷണർക്കും പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി സാൾട്ട് കമ്മീഷണർ, ജയ്പൂരിനും അയച്ചു കൊടുക്കുന്നു.

9. സുഗന്ധ ദ്രവ്യങ്ങളുടെ പ്രതിവാര കമ്പോള ചില്ലറ വില ശേഖരിച്ച് കോഴിക്കോട്ടുള്ള സ്പൈസസ് ഡവലപ്പ്മെൻറ് ഡയറക്ടർക്കും എറണാകുളത്തെ സ്പൈസസ് ബോർഡ് ചെയർമാനും അയച്ചു കൊടുക്കുന്നു.

വയനാട്, കാസർകോട് ജില്ലകളിൽ നിന്ന് സുഗന്ധ ദ്രവ്യങ്ങളുടെ മൊത്ത വില ശേഖരിച്ച് കോഴിക്കോട് സ്പൈസസ് ഡവലപ്പ്മെൻറ് ഡപ്യൂട്ടി ഡയറക്ടർക്കും അയച്ചു കൊടുക്കുന്നു.

10. സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില ശേഖരിച്ച് ക്രോഡീകരിച്ച് കേരളാ ഗസററിൽ പ്രസിദ്ധീകരിച്ചു വരുന്നു.

11. എല്ലാ ജില്ലകളിൽ നിന്നും മാങ്ങയുടെയും പിറുത്തിചക്കയുടെയും വാരാന്ത്യ മൊത്ത വില ശേഖരിച്ച് കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കുന്നു.

12. എല്ലാ ജില്ലകളിൽനിന്നും തോട്ടണ്ടിയുടെ ദ്വൈവാര മൊത്ത വില ശേഖരിച്ച് കേന്ദ്ര ഗവൺമെൻറിന് അയച്ചു കൊടുക്കുന്നു.

## ജനസംഖ്യാ പഠന വിഭാഗം

ജനന മരണ സ്ഥിതി വിവരം:—കേരളത്തിലെ മൊത്തത്തിലുള്ള ജനന മരണ കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലിയാണ് പ്രധാനമായി ഈ വിഭാഗം ചെയ്തു വരുന്നത്. റിപ്പോർട്ട് വർഷത്തിലും ഈ ജോലി തുടരുകയുണ്ടായി.

സ്പോട്ട് ചെക്ക് സർവ്വേ, മരണ കാരണങ്ങളെപ്പററി മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിൻമേലുള്ള പഠനം, ഗ്രാമ പ്രദേശങ്ങളിലുണ്ടാകുന്ന മരണ കാരണങ്ങളെ പററിയുള്ള പഠനം എന്നീ സർവേകളാണ് നടപ്പുവർഷവും തുടർന്നത്.

സിവിൽ രജിസ്ട്രേഷൻ:—1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിന് വിധേയമായി പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും കോർപ്പറേഷനിലുമുള്ള രജിസ്ട്രാർമാർ ജനന മരണങ്ങൾ

രജിസ്റ്റർ ചെയ്യുന്നു. ടി രജിസ്ട്രാർമാരിൽ നിന്നും ലഭിക്കുന്ന ജനന മരണ കണക്കുകളെ അടിസ്ഥാനമാക്കി മാസംതോറും ജില്ലാതല റിപ്പോർട്ടുകൾ തയ്യാറാക്കി രജിസ്ട്രാർ ജനറലിന് അയച്ചു കൊടുക്കുന്നു. 1991 വരെയുള്ള റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു.

സ്പോട്ട് ചെക്ക് സർവ്വേ:—പട്ടണ പ്രദേശങ്ങളിലെ സ്ഥിര താമസക്കാരുടെ ജനന മരണങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി രജിസ്ട്രേഷനിലെ കുറവ് കണ്ടുപിടിക്കുവാനും യഥാർത്ഥ ജനന മരണ നിരക്ക് കണ്ടുപിടിക്കാനുമാണ് ഈ സർവേ കൊണ്ടുദ്ദേശിക്കുന്നത്.

മൂന്നു കോർപ്പറേഷനുകളിലും 31 മേജർ മുനിസിപ്പാലിററികളിലും ഈ സ്കീം നടപ്പാക്കിയിട്ടുണ്ട്.

1992-ലെ വാർഷിക റിപ്പോർട്ട് അംഗീകരിച്ചു കഴിഞ്ഞു.

മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കലാഫീസർമാരുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം/മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത്:—നഗര പ്രദേശത്തുണ്ടാകുന്ന മരണ കാരണങ്ങൾ ഡോക്ടർ സർട്ടിഫൈ ചെയ്തിട്ടുള്ളവ പഠന വിധേയമാക്കി തയ്യാറാക്കുന്ന റിപ്പോർട്ടാണിത്. 1993-ലെ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷം കോഴിക്കോട് കോർപ്പറേഷനിൽ മാത്രം സ്കീം നടപ്പാക്കിയിരുന്നു. മററു കേന്ദ്രങ്ങളിൽ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ സ്കീം നടത്തുകയുണ്ടായില്ല.

ഗ്രാമ പ്രദേശങ്ങളിലെ മരണ കാരണ സർവ്വേ:—74 പി. എച്ച്.സി. (പബ്ലിക് ഹെൽത്ത് സെൻറർ) ലെ സ്ററാഫിനെക്കൊണ്ട് ഈ സർവേ നടത്തുന്നു. 1995-ലെ വാർഷിക പരിശീലന പരിപാടി നടത്തുകയുണ്ടായി. സെൻസസ് ഡയറക്ടറേററിലെ സൂപ്പർവൈസർ ഫീൽഡിൽ പരിശോധന നടത്തുന്നു. പ്രതിമാസ റിപ്പോർട്ടുകൾ നേരിട്ട് രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നു. 1989 മുതൽ 1991 വരെയുള്ള ജനന മരണ നിരക്കുകൾ (സിവിൽ രജിസ്ട്രേഷൻ) താഴെ കൊടുക്കുന്നു:

| | 1989 | | 1990 | | 1991 | |
|---|---|---|---|---|---|---|
| | ജനനം | മരണം | ജനനം | മരണം | ജനനം | മരണം |
| ഗ്രാമ പ്രദേശം | 12.62 | 4.17 | 11.66 | 4.11 | 10.77 | 4.30 |
| പട്ടണ പ്രദേശം | 68.26 | 11.66 | 65.42 | 10.81 | 66.35 | 11.43 |
| സംസ്ഥാനത്താകെ | 19.22 | 5.14 | 19.73 | 5.12 | 19.08 | 5.37 |

സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി:—സിവിൽ രജിസ്ട്രേഷനിൽ ഉണ്ടാകുന്ന അപാകതകൾ നിമിത്തം കൃത്യവും വിശ്വസനീയവുമായ പ്രതിവർഷ ജനസംഖ്യാ വർദ്ധന കണക്കുകൾ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ഭാരത രജിസ്ട്രാർ ജനറൽ ഒരു പൊതു നിർദ്ദേശമാനുവലിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് ഭാരതമൊട്ടാകെ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി. കേരളത്തിലൊട്ടാകെ 150 തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിലാണ് ഈ പദ്ധതി പ്രകാരമുള്ള കണക്കെടുപ്പ് നടക്കുന്നത്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ളവർ താഴെ പറയുന്നവരാണ്:

| | | പ്രവർത്തന മണ്ഡലം |
|---|---|---|
| പാർട്ട് ടൈം എന്യൂമറേറ്റർ | 150 | (ഗ്രാമങ്ങൾ) |
| കമ്പ്യൂട്ടർ സൂപ്പർവൈസർ | 17 | (ഗ്രാമങ്ങളിലും ജില്ലാ ഓഫീസിലും) |
| അഡീഷണൽ ജില്ലാ ഓഫീസർ | 14 | ,, |
| സാമ്പിൾ രജിസ്ട്രേഷൻ ഇൻസ്പെക്ടർ | 17 | (ജില്ലാ ഓഫീസ്) |

കൂടാതെ ഡയറക്ടറേറ്റിലെ ഈ വിഭാഗത്തിലുള്ളവരും.

റിപ്പോർട്ട് വർഷത്തിൽ 150 സാമ്പിൾ യൂണിറ്റുകളിൽ 58, 59 അർദ്ധവാർഷിക സർവ്വേകൾ നടത്തുകയും റിപ്പോർട്ട് രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുകയും ചെയ്തു.

1-1-1995 മുതൽ പുതിയ സാമ്പിൾ യൂണിറ്റുകൾ നിലവിൽ വരുകയും പഴയ യൂണിറ്റുകൾ നിറുത്തലാക്കുകയും ചെയ്തു. പുതിയ സാമ്പിളുകളിൽ 1995 ജനുവരി ഒന്നാം തീയതിയിലെ ജന സംഖ്യ അടിസ്ഥാനമാക്കി "ബേസ് ലൈൻ" സർവ്വേ നടത്തുകയുണ്ടായി. ഇപ്രകാരം ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ചു കൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി നിലവിലുള്ള '17 കമ്പ്യൂട്ടർ'മാർക്കു പുറമേ 4 പേരെ കൂടുതൽ അനുവദിക്കുകയുണ്ടായി. 60-ാം അർദ്ധ വാർഷിക സർവ്വേ പുതിയ സാമ്പിൾ യൂണിറ്റുകളിലാണ് നടത്തിയത്. സർവ്വേ മുഖേന ലഭിച്ച വിവരങ്ങൾ രജിസ്ട്രാർ ജനറലിന് അയച്ചു കൊടുത്തു. 61-ാം അർദ്ധ വാർഷിക സർവ്വേ ആരംഭിച്ചു.

1992-ലെ റിപ്പോർട്ട് തയ്യാറാക്കുകയും 1993-ലെ റിപ്പോർട്ടിനാവശ്യമായ വിവരങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നു.

1992-ലെ റിപ്പോർട്ട് അടിസ്ഥാനമാക്കി പ്രധാന നിരക്കുകൾ ഇവയാണ്:

| | |
|---|---|
| ജനന നിരക്ക് | 17.6 |
| മരണ നിരക്ക് | 6.3 |
| ശിശു മരണം | 17.0 |

## ഭവന നിർമ്മാണവും വേതന ഘടന സർവ്വേയും

ഭവന നിർമ്മാണ പ്രവർത്തനങ്ങളെ കുറിച്ചും കെട്ടിട നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെയും വ്യാപാര വാണിജ്യ മേഖലയിൽ പ്രവർത്തിയെടുക്കുന്ന ജോലിക്കാരുടെയും വേതന ഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള പട്ടികകൾ തയ്യാറാക്കി ഭവന നിർമ്മാണ രംഗത്തെ വിവരങ്ങൾ ദേശീയ കെട്ടിട നിർമ്മാണ സംഘങ്ങൾക്കും വേതന ഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന ആസൂത്രണ വിഭാഗത്തിന്റെ പഠനത്തിനായും അയച്ചു കൊടുക്കുകയാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി.

ഭവന നിർമ്മാണം:—ഇൻഡ്യാ ഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള ദേശീയ കെട്ടിട നിർമ്മാണ സംഘടനയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്തെ കെട്ടിട നിർമ്മാണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുവേണ്ടിയുള്ള സ്ഥിതി വിവര കണക്കുകൾ പട്ടണ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്നുണ്ട്.

മുനിസിപ്പൽ ഭരണവകുപ്പ് ഡയറക്ടറാഫീസിലെ സ്ഥിതി വിവര കണക്ക് വിഭാഗം കേരളത്തിലെ മുനിസിപ്പാലിററികളിൽ കെട്ടിടം പണിയാൻ അനുവാദം കൊടുത്തവയുടെ കണക്കുകൾ ശേഖരിച്ച് ക്രോഡീകരിച്ച് പ്രത്യേകം പട്ടികകളാക്കി അയച്ചു തരുന്നു.

31-12-1993, 31-3-1994 എന്നീ ത്രൈമാസത്തിലെ ക്രോഡീകരിച്ച പട്ടികകൾ സൂക്ഷ്മ പരിശോധനകൾക്കു ശേഷം 25-1-1995, 6-5-1995 എന്നീ തീയതികളിൽ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചു കൊടുക്കുകയുണ്ടായി. എന്നാൽ 1994-95 ലേക്ക് പുതിയ ഫാറങ്ങൾ ആയതിനാൽ ആയവ പൂരിപ്പിച്ച് ഫാറങ്ങൾക്കൊപ്പം ക്രോഡീകരിച്ച് പട്ടികയും തയ്യാറാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചു കൊടുക്കുന്ന ജോലി പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും പുതിയതായി കെട്ടിടം പണിയാൻ അനുവാദം കൊടുത്തവയുടെ എണ്ണവും വിസ്തൃതിയും ഓരോ പാദവർഷത്തിലേതും ശേഖരിച്ച് ക്രോഡീകരിച്ച് പട്ടികകൾ 31-6-1993 മുതൽ 31-3-1994 വരെയുള്ളവ 17-7-1995-ലും 30-6-1994 മുതൽ 31-12-1994 വരെയുള്ളവ 1-8-1995–ലും 31-3-1995–ലേത് 16-10-1995–ലുമായി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചു കൊടുക്കുകയുണ്ടായി. കൂടാതെ നടപ്പു വർഷത്തിൽ കോഴിക്കോട് കോർപ്പറേഷനിൽ നിന്നും ലഭ്യമായ ഫാറങ്ങൾ ക്രോഡീകരിക്കുന്ന പ്രവർത്തനത്തിലുമാണ് ഈ വിഭാഗം.

സംസ്ഥാന പൊതുമരാമത്തു വകുപ്പിലും ഭവന നിർമ്മാണ സംബന്ധമായ കണക്കുകൾ ശേഖരിക്കുവാനായി പ്രവർത്തിക്കുന്ന സ്ഥിതി വിവര കണക്കു വിഭാഗം പൊതുമരാമത്തു വകുപ്പ് ഏറെറടുത്ത് നടത്തുന്നതും 50,000 രൂപയ്ക്ക് മേൽ ചെലവ് ചെയ്ത് നിർമ്മിക്കുന്നതുമായ കെട്ടിടങ്ങളുടെ പണി പൂർത്തിയായവയുടെയും വാർഷിക പട്ടികകൾ തയ്യാറാക്കി ഈ ഓഫീസിലേക്ക് അയച്ചു തരുകയും ആയവ സൂക്ഷ്മ പരിശോധനകൾക്ക് ശേഷം 1991-92 ലേത് 16-1-1995–ലും 1992-93 ലേത് 24-9-1995–ലും 1993-94 ലേത് 19-2-1996–ലും ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചു കൊടുക്കുകയുണ്ടായി.

ഇതിനു പുറമേ കെട്ടിട നിർമ്മാണ സാധനങ്ങളുടെ വില നിലവാരവും കെട്ടിട നിർമ്മാണ ജോലിക്കാരുടെ വേതന നിരക്കും സംബന്ധിച്ച വിവരങ്ങൾ ഓരോ ത്രൈമാസത്തിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് ജില്ലാ ഓഫീസർ അയച്ചു തരുന്നത് സൂക്ഷ്മ പരിശോധനയ്ക്കു ശേഷം ജില്ലാ അടിസ്ഥാനത്തിൽ പട്ടികകളാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചു കൊടുക്കുന്നു. ഇത് 31-12-1995 കൊണ്ടവസാനിച്ച പാദവർഷം വരെ അയയ്ക്കുകയുണ്ടായി. കൂടാതെ കേരളത്തിലെ കെട്ടിട നിർമ്മാണ

ചെലവിന്റെ 1992, 1993, 1994 എന്നീ വർഷങ്ങളിലേക്കുള്ള തിരുവനന്തപുരം കേന്ദ്രത്തിന്റെ സൂചിക 1971 വർഷത്തിലേത് അടിസ്ഥാനപ്പെടുത്തി റിപ്പോർട്ടു വർഷത്തിൽ തയ്യാറാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്തു.

വേതന ഘടന സർവ്വെ:—സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും വേതന ഘടന സർവ്വെ നടത്തുന്നു. നഗരത്തിലെയും ഗ്രാമത്തിലെയും മൊത്ത-ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെയും കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം തൊഴിലാളികളുടെയും വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവ്വെയുടെ ഉദ്ദേശം. സർവ്വെ പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ ത്രൈമാസത്തിലും വേതന വിവരങ്ങൾ ശേഖരിച്ച് ജില്ലാ ഓഫീസർമാർ അയച്ചു തരുന്നത് സൂക്ഷ്മ പരിശോധന നടത്തി ആവശ്യമായ ത്രൈമാസ പട്ടികകൾ തയ്യാറാക്കി ക്രോഡീകരിക്കുന്ന പട്ടികയിലെ വിവരങ്ങൾ അവ ഉപയോഗിക്കുന്ന സംസ്ഥാന വരുമാനം കണക്കാക്കുന്ന വിഭാഗവും സംസ്ഥാന ആസൂത്രണ വിഭാഗവുമാണ്. 1993–94 വർഷത്തിലെ പട്ടിക ഈ വിഭാഗം തയ്യാറാക്കി. കൂടാതെ കെട്ടിട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധ അവിദഗ്ദ്ധ തൊഴിലാളികളുടെ ദിവസ കൂലിയെ സംബന്ധിച്ച 1994–95-ലെ പട്ടികകൾ തയ്യാറാക്കി സംസ്ഥാന ആസൂത്രണ വിഭാഗം മേധാവിക്ക് അയച്ചു കൊടുക്കുകയുണ്ടായി. ഇതിനു പുറമേ 1982 മുതൽ 1992 വരെയുള്ള പ്രസ്തുത സർവ്വെയുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനായും സമർപ്പിച്ചിട്ടുണ്ട്.

## തൊഴിൽ വിഭാഗം

1948-ലെ ഫാക്ടറി നിയമപ്രകാരം 1991–ൽ പ്രവർത്തിച്ചിരുന്ന ഫാക്ടറികളിലെ വാർഷിക കണക്കുകൾ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡയറക്ടറേറ്റിൽ നിന്നും ശേഖരിച്ച് കമ്പ്യൂട്ടറിന്റെ സഹായത്തോടെ റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട പത്രികകൾ സഹിതം സിംലയിലെ ലേബർ ബ്യൂറോയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

1992-ൽ പ്രവർത്തിച്ചിരുന്ന ഫാക്ടറികളിലെ വാർഷിക കണക്കുകളും ഇതേ വർഷം തന്നെ ശേഖരിച്ച് കമ്പ്യൂട്ടറിന്റെ സഹായത്തോടെ റിപ്പോർട്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട പത്രികകൾ സഹിതം ലേബർ ബ്യൂറോയ്ക്ക് അയച്ചു.

1991-92 എന്നീ വർഷങ്ങളിലെ ഫാക്ടറികളെ സംബന്ധിച്ച് അർദ്ധ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് നൽകുകയുണ്ടായി.

പ്രതിമാസ വരുമാനം 1600 രൂപയിൽ കുറവായ ഫാക്ടറി തൊഴിലാളികളുടെ 1992-93 വർഷങ്ങളിലെ വേതനത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് സമർപ്പിച്ചിട്ടുണ്ട്,

1961 പ്രസവാനുകൂല്യ നിയമപ്രകാരം 1993, 1994 എന്നീ വർഷങ്ങളിലെ ഫാക്ടറികൾ, തോട്ടങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്ന വനിതകൾക്കു നൽകിയ ആനുകൂല്യങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ ലേബർ ബ്യൂറോയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

1936-ലെ വേതന നിയമപ്രകാരം 1600 രൂപയിൽ താഴെ വരുമാനമുള്ള തോട്ടം തൊഴിലാളികളുടെ 1993-94 എന്നീ വർഷങ്ങളിലെ വേതനത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ലേബർ ബ്യൂറോയ്ക്ക് അയച്ചിട്ടുണ്ട്.

1995 ആഗസ്റ്റ് മാസം വരെ ഫാക്ടറികളിലും തോട്ടങ്ങളിലും ഉണ്ടായിരുന്ന പണിമുടക്ക്, ലോക്കൗട്ട്, ലേ ഓഫ് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും ശേഖരിച്ച് പ്രത്യേക പട്ടിക തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

എക്കണോമിക് റിവ്യൂവിന് വേണ്ടിയുള്ള വിവരങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിന് അയച്ചു കൊടുത്തു.

## വിലയിരുത്തൽ സർവേ

മണ്ണു സംരക്ഷണ വകുപ്പ് മുഖേന വിവിധ ജില്ലകളിൽ നടപ്പിലാക്കിയ മണ്ണു സംരക്ഷണ പദ്ധതികളുടെ ഒരു വിലയിരുത്തൽ പഠനം എല്ലാ വർഷവും ഈ വിഭാഗം ജില്ലാ ഓഫീസുകൾ മുഖേന നടത്തി വരുന്നു. പ്രത്യേക തൊഴിൽദാന പദ്ധതി, വായ്പാ പദ്ധതി എന്നിവ വഴി പൂർത്തീകരിച്ച പദ്ധതികളാണ് ഈ പഠനത്തിന് വിധേയമാക്കിയിട്ടുള്ളത്.

1985-നു ശേഷം പൂർത്തീകരിച്ച് 5 വർഷം കൂടി പിന്നിട്ട പദ്ധതികളിൽനിന്നും സാമ്പിളുകൾ തിരഞ്ഞെടുത്ത് ഗുണഭോക്താക്കളിൽനിന്നും 1991-92-ലെ വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കിയ പഠന റിപ്പോർട്ട് വിവിധ താരതമ്യ പഠനത്തോടുകൂടി ഇപ്പോൾ അച്ചടിയിലാണ്,

1992-93, 1993-94 വർഷത്തിലെ വിവരങ്ങൾ ശേഖരിച്ചവയുടെ ടാബുലേഷൻ പണികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

1994-95-ലെ സർവേകളുടെ വിവര ശേഖരണം ജില്ലാ തലത്തിൽ നടന്നുവരുന്നു.

1995-96-ലെ സർവേയ്ക്കാവശ്യമായ പ്രാഥമിക നടപടികളും തുടരുന്നു.

## ദേശീയ സാമ്പിൾ സർവേ

കേന്ദ്ര ഗവൺമെൻറിൻെറ ദേശീയ സാമ്പിൾ സർവേ ഓർഗനൈസേഷൻ, ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കും, രാജ്യത്തിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിന് നടത്തി വരുന്ന സാമ്പിൾ സർവേ ഈ റിപ്പോർട്ട് വർഷവും തുടരുകയുണ്ടായി. കേരളത്തിലെ തിരഞ്ഞെടുത്ത സാമ്പിളുകൾ ഗ്രാമ

ങ്ങളിലും നഗരങ്ങളിലും, ദേശീയ സാമ്പിൾ സർവേ ഓർഗനൈസേഷനും ഈ ഡയറക്ടറേററും തുല്യ സാമ്പിളുകളിൽ സർവേ നടത്തി വരുന്നു. ഓരോ കാലയളവിലും നിലവിൽ താൽപര്യമുള്ള വിവിധ വിഷയങ്ങളെ കുറിച്ച് സർവേ നടത്തുന്നു.

1994 ജൂലൈ മുതൽ 1995 ജൂൺ വരെയുള്ള കാലയളവിൽ 51-ാം റൗണ്ട് സർവേ നടന്നു. 320 സാമ്പിൾ ഗ്രാമ പ്രദേശങ്ങളിലും 224 സാമ്പിൾ നഗര പ്രദേശങ്ങളിലും ഫീൽഡ് ജോലി നടത്തി വിവിധതരം ഫോറങ്ങളിലായി തെരഞ്ഞെടുത്ത വ്യവസായ സ്ഥാപനങ്ങളെ പററിയും അനുബന്ധ സ്ഥാപനങ്ങളെ പററിയുമുള്ള വിശദവിവരങ്ങൾ ശേഖരിച്ചു. മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ കഴിഞ്ഞകാല പ്രവർത്തനം ഉൽപാദനം, രജിസ്ട്രേഷൻ, പരിതസ്ഥിതി, സഹോദര സ്ഥാപനം പൂർത്തിയായ വർഷം, ഇന്ധന പ്രവർത്തനം, വരവ് ചെലവ്, തൻമാസത്തെ പ്രവർത്തന ദിവസങ്ങളും ഷിഫ്റ്റുകളും എന്നിവയുമാണ്. അത് കൂടാതെ കുടുംബാംഗങ്ങളുടെ എണ്ണം, ജാതി, കൃഷി, ഉൽപാദന സ്ഥാപനങ്ങളിൽ നിന്നും മററുള്ളവയിൽ നിന്നും ഉള്ള ആകെ വരുമാനം, ഉടമസ്ഥത, തൻെറ സ്ഥാപനത്തിലെ തൊഴിലാളികളുടെ യോഗ്യത, സാങ്കേതിക വൈദഗ്ദ്ധ്യം മുതലായവയും ശേഖരിക്കുന്നു.

നിലവിലുള്ള സാധനങ്ങളുടെ മാർക്കററ് വില, പുതിയതും ഉപയോഗിച്ചതും ഉണ്ടാക്കിയതുമായവയുടെ ആകെ വില, വിററതും തള്ളിക്കളഞ്ഞതും തേയ്മാനം സംഭവിച്ചതുമായ വിലയും വാർഷിക വാടകയും സ്ഥലം, കെട്ടിട നിർമ്മാണം, മെഷിനറി, യാത്രാ ഉപകരണങ്ങൾ, ഉറച്ച മററ് സ്വത്തുക്കൾ എന്നിവയും ശേഖരിച്ചു.

സർക്കാരിലും സംസ്ഥാന സാമ്പത്തിക കോർപ്പറേഷനിലും മററ് പണമിടപാട് സ്ഥാപനങ്ങളിലെയും റീജിയണൽ ബാങ്ക്, പബ്ലിക് ബാങ്ക്, വാണിജ്യ ബാങ്ക്, സഹകരണ ബാങ്ക്, പണമിടപാട് നടത്തുന്നവർ, സ്നേഹിതരും ബന്ധുക്കളും, മററ് പലർ എന്നിവരിൽ നിന്നുള്ള വർഷം തുടങ്ങുമ്പോഴുള്ള ബാദ്ധ്യതയും, വാങ്ങിയതും തിരികെ കൊടുത്തതും ഉൾപ്പെടെയുള്ള വിവരങ്ങളും ശേഖരിച്ചു.

പ്രസ്തുത കാലയളവിലെ മുഴുവനും, ഭാഗികവുമായ തൊഴിലിനെ കുറിച്ചും കിട്ടിയ ശമ്പളം, കൂലി മററ് അലവൻസുകൾ എന്നിവ മാസത്തിലും വർഷത്തിലും, വാർഷിക ബോണസ്, പുരുഷൻ, സ്ത്രീ, ആൺകുട്ടികൾ, പെൺകുട്ടികൾ, വീട്ടുപണി അല്ലാതെ കൂലിക്ക് നിന്നവർ, കൂലി കൊടുക്കുന്നതും അല്ലാത്തതുമായ വീട്ടിലെ പണിക്കാർ, മേൽനോട്ടക്കാർ, മററ് പണിക്കാർ എന്നിവരുടെ വിവരങ്ങളും ശേഖരിച്ച് അസംസ്കൃത സാധനങ്ങളുടെയും വിവിധ തരം എണ്ണ, കൽക്കരി, കറണ്ട് എന്നിവയുടെ മാസത്തേയും വർഷത്തേയും അളവ്, വില, യൂണിററിൻെറ വില, ആകെ വില എന്നിവയും ശേഖരിച്ചു.

പ്രസ്തുത കാലയളവിലെ മാസത്തിലെയും വർഷത്തിലെയും സാധനങ്ങൾ പായ്ക്ക് ചെയ്യുന്നതിൻെറയും ഉപഭോക്തൃ സ്റേറാക്കിൻെറ വിലയും, കെട്ടിടത്തിൻെറ അററകുററപണികൾ, ഏജൻറുമാരുടെ സേവനം, പോസ്റേറജ്, സ്റേറഷനറി, ഇൻഷ്വറൻസ്, കണക്കു പരിശോധന, ബാങ്ക് കമ്മീഷൻ ചാർജ്, ലൈസൻസ് ഫീ എന്നിവയും

വിലക്കിഴിവ്, നികുതി, വാഹനത്തിൻെറ കൂലി, മററ് പലവക ചെലവും കൂടി ആകെ തുകയും കടം വാങ്ങിയതിനുള്ള പലിശയും ശേഖരിച്ചു.

മാസത്തിലെയും വർഷത്തിലെയും ഉണ്ടാക്കിയ ഉൽപ്പന്നങ്ങളുടെ പേര്, യൂണിററ്, അളവ്, വില, അവയുടെ മൊത്തവില എന്നിവയും ശേഖരിച്ചു. മററ് സ്ഥാപനങ്ങളിലേക്ക് ജോലി ചെയ്ത് കിട്ടിയ പ്രതിഫലം, വാങ്ങിയ സാധനങ്ങൾ അതേ വിലയ്ക്ക് വിൽക്കുമ്പോഴുള്ള വിലയും, പകുതി നിർമ്മാണം കഴിഞ്ഞ് നീക്കിയിരുപ്പ് സാധനങ്ങളുടെ കൂടിയതോ കുറഞ്ഞതോ ആയ വില, പലിശയും ഡിവിഡൻറും ഉൾപ്പെടെയുള്ള മററുവരവും മൊത്തം വരവും മൊത്തം ഉൽപ്പാദന വിലയും ശേഖരിച്ചു.

മറെറാരു ഫാറത്തിൽ കുടുംബാംഗങ്ങളെ കുറിച്ചും കാർഷികേതര സ്ഥാപനങ്ങളെ കുറിച്ചും വിവരങ്ങൾ ശേഖരിച്ചു. അതനുസരിച്ച് വീട്, വീട്ട് നമ്പർ, ഗൃഹനാഥൻെറ പേര്, ജോലി, സംരംഭം, തൊഴിലാളികളുടെ എണ്ണം, നിർമാണത്തിൻെറയും റിപ്പയറിംഗിൻെറയും വിവരങ്ങൾ, അവയുടെ തിരഞ്ഞെടുപ്പ് രീതിയും തിരഞ്ഞെടുത്തതിൻെറ പ്രധാന വിവരങ്ങളും അടയാളങ്ങളും ശേഖരിക്കുന്നു.

ഓരോ സാമ്പിളിലും തിരഞ്ഞെടുത്ത വീടുകളിൽ നിന്നും ഉപഭോക്താവിൻെറ ചെലവിനെ കുറിച്ച് വിവരങ്ങൾ മറെറാരു ഫാറത്തിൽ ശേഖരിക്കുന്നു.

ദേശീയ സാമ്പിൾ സർവേ വിഭാഗം 52-ാം മത് സർവേ 1995 ജൂലൈ മുതൽ ആരംഭിച്ച് 1996 ജൂൺ വരെ തുടരും. ഈ സർവേയിൽ മുഖ്യമായും സാമൂഹ്യ ഉപഭോഗമാണ് വിഷയം. ഇതിൽ ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, 60 വയസ്സും അതിന് മുകളിലുമുള്ളവരുടെ പ്രശ്നങ്ങൾ എന്നിവയെ കേന്ദ്രീകരിച്ചാണ് വിവരങ്ങൾ ശേഖരിക്കുന്നത്. കൂടാതെ ഗാർഹിക ഉപഭോക്തൃ ചെലവിനെ സംബന്ധിച്ചുള്ള വിവരങ്ങളും ശേഖരിക്കുന്നു. 288 സാമ്പിളുകൾ ഗ്രാമപ്രദേശങ്ങളിലും 208 സാമ്പിളുകൾ നഗര പ്രദേശങ്ങളിലും വിവര ശേഖരണത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ഫീൽഡ് ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.

താഴെക്കിടയിലുള്ള ജനസമൂഹത്തിന് പ്രത്യേകിച്ചും പ്രയോജനം കിട്ടുവാൻ വേണ്ടി കുറഞ്ഞ വിലയ്ക്ക് അത്യാവശ്യമായ ഉപഭോക്തൃ വസ്തുക്കളുടെ വിതരണം, വിദ്യാഭ്യാസാനുകൂല്യം, സൗജന്യ ആരോഗ്യ പരിപാലനം എന്നിവ അർഹതപ്പെട്ട ജനവിഭാഗങ്ങൾക്ക് കിട്ടുന്നതിലേക്കുള്ള വിവരങ്ങൾ ഈ സർവേയിൽ നിന്നും ലഭിക്കുന്നു.

പ്രസ്തുത സർവേയിൽ കുടുംബാംഗങ്ങൾക്ക് ലഭിച്ചിട്ടുള്ള സേവനങ്ങളുടെ സ്വഭാവം, വ്യാപ്തി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും പ്രൈമറി വിദ്യാഭ്യാസം, സെക്കണ്ടറി വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, പൊതുജനാരോഗ്യ സേവന ഉപഭോഗം, മാതൃ ശിശു സംരക്ഷണം, സൗകര്യങ്ങളുടെ ഉപഭോഗം, ചികിൽസാ സേവനങ്ങൾ, പൊതുവിതരണ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നു. സാമ്പത്തിക സ്വാതന്ത്ര്യം, കുടുംബത്തിലെ പങ്ക് എന്നിവയെ സംബന്ധിച്ചാണ് 60 നും അതിന് മുകളിൽ പ്രായമുള്ളവരിൽ നിന്നും ശേഖരിക്കുന്ന വിവരം.

ഈ സർവേ വിവരങ്ങൾ, വിദ്യാഭ്യാസം, പ്രായമായവരുടെ പ്രശ്നങ്ങൾ എന്നിവയെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ മെച്ചപ്പെടുത്താനും ഗവൺമെൻറിനെ സഹായിക്കുന്നത് കൂടാതെ പുതിയ കോളേജുകൾ, ഡിസ്പെൻസറികൾ, കുടുംബ ക്ഷേമ കേന്ദ്രങ്ങൾ, മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ എന്നിവ തുടങ്ങുന്നതിനുള്ള ആസൂത്രണം തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്താവുന്നതാണ്.

47-ാമത് റൗണ്ട് സർവേയുടെ ടാബുലേഷൻ പണി നടന്നു കൊണ്ടിരിക്കുന്നു.

1993 ജൂലൈ മുതൽ 1994 ജൂൺ വരെ നടന്ന 50-ാം റൗണ്ട് സർവേയുടെ ഷെഡ്യൂളുകൾ സൂക്ഷ്മ പരിശോധന നടന്നു കൊണ്ടിരിക്കുന്നു.

## പ്ലാനിംഗ് വിഭാഗം

സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനായി ഈ വകുപ്പ് ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന പ്ലാൻ പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ ത്രൈമാസ റിപ്പോർട്ടുകൾ തയ്യാറാക്കി അവ യഥാക്രമം സംസ്ഥാന, കേന്ദ്ര സർക്കാരുകൾക്ക് നൽകുക എന്നിവയാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി.

1995-96 വർഷത്തെ ബഡ്ജറ്റിൽ ഈ വകുപ്പിലേക്ക് ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ താഴെ ചേർക്കുന്നു:—

| ബഡ്ജറ്റിൽ വക കൊള്ളിച്ചിരിക്കുന്നത് | രൂപ (ലക്ഷത്തിൽ) |
|---|---|
| (1) | (2) |
| സംഗണക വിഭാഗം ശക്തിപ്പെടുത്തുന്നതിന് | 5.00 |
| വാഹനങ്ങൾ വാങ്ങുന്നതിന് | 2.50 |
| സ്ഥിതിവിവര കണക്ക് ശേഖരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്ന പദ്ധതി | 3.00 |
| സർവേയും പഠനങ്ങളും | 9.50 |
| അതാത് കാലത്തെ കാർഷിക സ്ഥിതിവിവര കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർവേ (ഇറാസ്) (50% കേന്ദ്ര സഹായം) | 480.00 |
| സാമ്പത്തിക സെൻസസ്: | .. |
| ചെറുകിട ജലസേചനങ്ങളെ കുറിച്ച് യുക്തമായി സമർപ്പിക്കുന്ന സ്ഥിതിവിവര കണക്കുകൾ (100% കേന്ദ്ര സഹായം) | 9.00 |
| കാർഷിക സെൻസസ് (100% കേന്ദ്ര സഹയം) | 2.00 |

ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് സാങ്കേതിക പരിശീലനം ലഭിക്കുന്നതിന് വേണ്ടി വിവിധ പരിശീലന കേന്ദ്രത്തിലേക്ക് തിരഞ്ഞെടുത്ത് അയയ്ക്കുന്ന ജോലിയും ഈ വിഭാഗമാണ് നിർവഹി

ക്കുന്നത്. റിപ്പോർട്ട് വർഷത്തിൽ (1995-96) വിവിധ തസ്തിക യിലുള്ള 24 ഉദ്യോഗസ്ഥൻമാരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെൻറിൻെറ തിരുവനന്തപുരത്തും വിവിധ റീജിയണൽ സെൻററുകളിലും കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ് ട്രേഷൻ, തൃശ്ശൂർ എന്നിടത്തും പരിശീലനത്തിനായി നിയോഗിക്കുക യുണ്ടായി.

## ഔദ്യോഗിക ഭാഷാ വിഭാഗം

ഭരണതലത്തിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന സർക്കാരിൻെറ നയം ഈ വകുപ്പിൽ നടപ്പിലാക്കുകയും പുരോഗതി വിലയിരുത്തുകയുമാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല.

കാലാകാലങ്ങളിൽ ഇത് സംബന്ധമായ നിർദേശങ്ങൾ ഡിപ്പാർട്ടു മെൻറിൻെറ വിവിധ തലങ്ങളിലെത്തിക്കുകയും താലൂക്ക് ജില്ലാ തലങ്ങളിൽ അവലോകനം നടത്തി ക്രോഡീകരിച്ച് ഗവൺമെൻറിന് സമർപ്പിക്കുന്നു. ഈ വകുപ്പ് ഒരു സാങ്കേതിക വകുപ്പായതിനാൽ പൂർണ്ണമായും മലയാളമാക്കുവാൻ ബുദ്ധിമുട്ടുണ്ട്.

## ഏകോപന സമിതി വിഭാഗം

വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏകോപിപ്പിക്കു കയും ചെയ്യുകയാണ് ഈ വിഭാഗത്തിലെ പ്രധാന പ്രവർത്തനം.

വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ വിഭാഗ സെല്ലു കളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഏകോപന സമിതി വിഭാഗത്തിലെ ജോയിൻറ് ഡയറക്ടറുടെ നേതൃത്വത്തിൽ വകുപ്പദ്ധ്യ ക്ഷൻെറ സാന്നിദ്ധ്യത്തിൽ വാർഷിക യോഗങ്ങൾ സംഘടിപ്പിക്കു കയും ഓരോ വിഭാഗത്തിൻെറ പ്രവർത്തനങ്ങളെ പററി ചർച്ച നടത്തുകയും വിലയിരുത്തുകയും ആവശ്യമായ ഭേദഗതികൾ നിർദേശിച്ചുകൊണ്ട് ഇത്തരം സെല്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

## പ്രസിദ്ധീകരണ വിഭാഗം

ഈ വകുപ്പ് നടത്തുന്ന സർവേകളും പഠനങ്ങളും റിപ്പോർട്ടു കളാക്കി പ്രസിദ്ധീകരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നത് ഈ വിഭാഗമാണ്. കൂടാതെ സ്ഥിതിവിവര കണക്കുകൾ ഉപഭോക്താ ക്കൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നത് പ്രസിദ്ധീകരണ വിഭാഗത്തിൻെറ ചുമതലയിൽ വരുന്നതാണ്.

ഈ വകുപ്പ് നടത്തുന്നതും മേൽനോട്ടം വഹിക്കുന്നതുമായ സർവേകൾക്കും പഠനങ്ങൾക്കും ആവശ്യമായ ഫാറങ്ങൾ (ഷെഡ്യൂളുകൾ) ജില്ലകളിൽ എത്തിക്കുകയും സർവേ നടത്തി കേന്ദ്രീകൃത ടാബുലേഷൻ നടത്തുന്നതിന് അവ തിരികെ ഹെഡ് ഓഫീസിൽ എത്തിക്കുകയും ചെയ്യുന്നത് ഈ വിഭാഗത്തിൻെറ പ്രവർത്തനങ്ങളിൽ പെടുന്നതാണ്.

ഈ വിഭാഗത്തിനോടനുബന്ധിച്ച് ഒരു ലൈബ്രറിയും പ്രിൻറിംഗ് പ്രസ്സും നടക്കുന്നുണ്ട്.

## ലൈബ്രറി

ഏകദേശം 6000 (ആറായിരത്തോളം) പുസ്തക ശേഖരമുള്ള ഈ ലൈബ്രറിയിൽ ദേശീയ, അന്തർ ദേശീയ തലത്തിലുള്ള സ്ഥിതി വിവര കണക്കുകളെ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ വരുത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നു.

കേന്ദ്രഗവൺമെൻറിൻെറ സെൻസസ് ഡിപ്പാർട്ടുമെൻറ് പ്രസിദ്ധീകരിക്കുന്ന പുസ്തക ശേഖരവും വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥിതിവിവര കണക്കുവകുപ്പുകളുടെ പ്രധാന റിപ്പോർട്ടുകൾ, എക്കണോമിക്സ്, സ്ററാററിസ്ററിക്സ്, കംപ്യൂട്ടർ സയൻസ് തുടങ്ങിയ പുസ്തക ശേഖരവും ഈ ലൈബ്രറിയിൽ ഉണ്ട്.

വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ആവശ്യാനുസരണം നൽകുകയും ഗവേഷണ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാമൂഹ്യ സേവകർ, സാമൂഹ്യ ക്ഷേമ പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾ എന്നിവർ നിരന്തരം ലൈബ്രറി സന്ദർശിക്കുകയും ആവശ്യമായ വിവരങ്ങൾ ലൈബ്രറിയിൽ നിന്നും ശേഖരിക്കുകയും ചെയ്യാറുണ്ട്.

## പ്രിൻറിംഗ് പ്രസ്സ്

പ്രസിദ്ധീകരണ വിഭാഗത്തിൻെറ കീഴിൽ 1988 മാർച്ച് മുതൽ ഒരു റോട്ടാ പ്രിൻറിംഗ് പ്രസ്സ് പ്രവർത്തനം ആരംഭിച്ചു.

വിവിധ സെക്ഷനുകൾക്ക് ആവശ്യമായ ഫാറങ്ങൾ, ഇൻഡക്സ് എന്നിവയും താഴെ പറയുന്ന ഡിപ്പാർട്ട്മെൻറ് പ്രസിദ്ധീകരണങ്ങളും റിപ്പോർട്ട് കാലയളവിൽ ഈ പ്രസ്സിൽ നിന്ന് പ്രിൻറ് ചെയ്ത് പുറത്തിറക്കുകയുണ്ടായി:—

1. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസസ് ഓഫ് ഡെത്ത്.

2. എക്കണോമിക് ആൻറ് പർപ്പസ് ക്ലാസിഫിക്കേഷൻ.

3. വിമൻ ഇൻ കേരള.

4. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസസ് ഓഫ് ഡെത്ത് 1991.

5. ഇൻഡക്സ്, നമ്പർ ഓഫ് അഗ്രികൾച്ചർ ഏരിയ, പ്രൊഡക്ഷൻ ആൻറ് പ്രൊഡക്ററിവിററി.

6. റിപ്പോർട്ട് ഓൺ ഗ്രോസ് ഫിക്സഡ് ഫോർമേഷൻ ഇൻ കേരള 1985–86, 1988–89.

7. റിപ്പോർട്ട് ഓഫ് ദി ഫോം ഫോറസ്ട്രി സർവേ ഇൻ കേരള 1994.

8. റിപ്പോർട്ട്—കോസ്ററ് ഓഫ് കൾട്ടിവേഷൻ ഓഫ് ഇംപോർട്ടൻറ് ക്രോപ്സ്-1991-92.

## 1995–96 വർഷത്തെ പദ്ധതി–പദ്ധതിയേതര ചെലവുകൾ

| പ്ലാൻ സ്കീം: | (രൂപ ലക്ഷത്തിൽ) |
|---|---|
| ററി. ആർ. എസ്. (50% കേ. സ.) | 395.88 |
| ചെറുകിട ജലസേചന പദ്ധതി (100% കേ. സ.) | 6.87 |
| സർവേയും പഠനങ്ങളും | 0.005 |
| വണ്ടി വാങ്ങുന്നതിന് | .. |
| സംഗണക വിഭാഗം | 2.29 |
| പരിശീലന പദ്ധതികൾക്ക് | 0.89 |
| കാർഷിക സെൻസസ് (100% കേ. സ.) | 9.74 |
| എക്കണോമിക് സെൻസസ് | .. |
| ആകെ | 415.65 |

| പദ്ധതി ഇതര ചെലവുകൾ: | |
|---|---|
| ബി. ഇ. എസ്. | 354.24 |
| എൻ. എസ്. എസ്. | 27.03 |
| സർവേയും പഠനങ്ങളും | 19.50 |
| സംസ്ഥാന വരുമാന നിർണയം | 5.14 |
| വിലയിരുത്തൽ ഘടകം | 9.00 |
| വൈററൽ സ്ററാററിസ്ററിക്സ് | 22.41 |
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വിവര ശേഖരണം ശക്തിപ്പെടുത്തുന്നതിന് | 33.49 |
| ഇൻഡസ്ട്രിയൽ സ്ററാററിസ്ററിക്കൽ യൂണിററ് | 2.39 |
| ഹൗസിംഗ് സ്ററാററിസ്ററിക്കൽ സെൽ | 3.08 |
| സോയിൽ കൺസർവേഷൻ | 3.41 |
| ആകെ | 479.69 |

ആകെ: പദ്ധതിയും പദ്ധതിയേതരവും 895.34

### സംഗണക വിഭാഗം

വർഷാരംഭത്തിൽ ഒരു പെൻറിയവും ഒരു 486 ഉം ഉൾപ്പെടെ 17 മിഷ്യനുകൾ ഉണ്ടായിരുന്നു. 1995–96-ൽ 14 ടെർമിനലുകൾ കൂടി വാങ്ങി. കൂടാതെ കേന്ദ്ര സർക്കാരിൽ നിന്ന് സ്കാനർ, ലേസർ പ്രിൻറർ, 486 എന്നിവ ഓരോന്നും ലഭിച്ചു.

റിപ്പോർട്ട് വർഷത്തിൽ താഴെ പറയുന്ന ജോലികൾ പ്രധാനമായും നിർവഹിച്ചു:—

ഉപഭോക്തൃ വില സൂചിക ഡെയിലി പ്രൈസ് ശേഖരിച്ചു നൽകി. പ്രൈസസ് വിഭാഗത്തിലെ മററിനമായ 50 ഇനത്തിൻെറ വില ക്രോഡീകരിച്ച് നൽകി.

വൈററൽ സ്ററാററിസ്ററിക്സ്—1992-ലെ ഡേററാ എൻട്രി നടത്തി ആവശ്യമായ പട്ടികകൾ തയ്യാറാക്കി നൽകി.

1993-ലെ വൈററൽ സ്ററാററിസ്ററിക്സ്—പത്ത് ജില്ലകളിലെ ഡേററാ എൻട്രികൾ പൂർത്തിയായി.

1992-ലെ ലേബർ സ്ററാററിസ്ററിക്സ്—ഡേററാ എൻട്രി നടത്തി ആവശ്യമായ പട്ടികകൾ തയ്യാറാക്കി നൽകി.

1993-ലെ ലേബർ സ്ററാററിസ്ററിക്സ്—ആറ് ജില്ലകളിലെ ഡേററാ എൻട്രി പൂർത്തിയാക്കി.

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടത്തിയ കാർഷിക സെൻസസിന്റെ 3½ ലക്ഷത്തോളം വരുന്ന ഫാറങ്ങളിൽ 'ഡേററാ എൻട്രി' പൂർത്തിയാക്കി പട്ടികകൾ തയ്യാറാക്കുന്ന ജോലികൾ നടന്നു വരുന്നു.

സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളെ കുറിച്ച് നടന്ന സർവേയുടെ ഫാറങ്ങൾ ഡേററാ എൻട്രി നടത്തി പട്ടികകൾ തയ്യാറാക്കി ഡി. ററി. പി. സംവിധാനം ഉപയോഗിച്ച് തയ്യാറാക്കി പ്രകാശനം ചെയ്തു.


സംസ്ഥാനത്തെ മൈനർ ഇറിഗേഷൻ പദ്ധതിയെ കുറിച്ച് തയാറാക്കിയ പ്രഥമ റിപ്പോർട്ട് ഡി. ററി. പി. ചെയ്ത് നൽകി.

ഈ വകുപ്പിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ സെലക്ററഡ് ഇൻഡിക്കേറേറഴ്സ്, എസ്ററിമേററ് ഓൺ ഫിസിക്കലി ഹാൻഡി കാപ്ഡ് പേഴ്സൺസ്, പട്ടികജാതി/പട്ടിക വർഗം നടത്തുന്ന വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിതിവിവര കണക്ക്, ജില്ലാ ഹാൻഡ് ബുക്ക്, 1991-ലെ വൈററൽ സ്ററാററിസ്ററിക്സ് റിപ്പോർട്ട് മുതലായവയും വിവിധ തരം ഫാറങ്ങളും നിർദ്ദേശങ്ങളും ഡി. ററി. പി. ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് വർഷം ഈ വിഭാഗം രണ്ട് ഷിഫ്ററ് പ്രവർത്തക്കുകയുണ്ടായി.

---

## Organisational Chart of Directorate of Economics and Statistics for the year 1995-96




☐ — Research Officer


AC — Agricultural Census
ASI — Annual Survey of Industries
CD — Computer Division
DO — Documentation Officer

EVA — Evaluation
IIP — Index of Industrial Production
L&H — Labour & Housing
MI — Market Intelligence

PLG — Planning
RSO — Reg. Statistical Officer
S&D — Survey & Design
SI — State Income

SO — Scrutiny Officer
VS — Vital Statistics

**District Office**




R.O. — Research Officer
P.S.O. — Price Supervisory Officer
A.D.O. — Additional District Officer
T.S.O. — Taluk Statistical Officer